# ഞങ്ങൾ
# അനുഭവിച്ച
# ഡൺസ്റ്റണച്ചൻ



# മുഖമൊഴി

വിശുദ്ധിയിലേക്ക് നയിക്കുന്ന അഗ്നിസ്നാനം എന്ന സങ്കല്പം മർത്ത്യവംശത്തിൽ പിറവിപൂണ്ട കോടാനുകോടികളിൽ അല്പം ചിലർക്കു മാത്രമേ ശാരീരികമായി നേരിടാനാവുന്ന അനുഭൂതിയായിത്തീരുകയുള്ളൂ. യേശുദേവനെ പോലെ, ശ്രീബുദ്ധനെപോലെ, മഹാത്മഗാന്ധിയെപോലെ അഗ്നിസ്നാനം താരതമ്യഭേദങ്ങളോടെ ശാരീരിക അനുഭൂതിയാക്കിത്തീർത്ത മഹാപുരുഷന്മാർ വിരലിലെണ്ണാവുന്നവർ മാത്രമാണെങ്കിലും അവർ ഭാവനാസൃഷ്ടികളായ കഥാപാത്രങ്ങളല്ല ചരിത്രയാഥാർത്ഥ്യങ്ങളാണ്.

ഇവിടെ ഞങ്ങൾക്കിടയിൽ വിശുദ്ധിയുടെ അഗ്നിസ്ഫുലിംഗങ്ങൾ പരത്തികൊണ്ട് വിടർന്ന മുഖവുമായി നിൽക്കുന്ന ഒരു സന്യാസിയുണ്ട്...... ബ. ധൺസ്റ്റനച്ചൻ. പിറന്ന നാടും വീടും ഉപേക്ഷിച്ച് സി.എം.ഐ. സന്യാസകുടുംബത്തിലേക്ക് കടന്നുവരുമ്പോൾ ആ കർമ്മയോഗി തന്റെ ജീവിതത്തെ. യേശുവിലേക്കുള്ള ഒരുഅന്വേഷണമായിട്ടാണ് എടുത്തത്. സത്യത്തിന്റെ പൊരുൾതേടിയുള്ള ആ യാത്രയിൽ സുവിശേഷത്തിന്റെ ആഴങ്ങളിലേക്കിറങ്ങി, സന്യാസത്തിന്റെ ദർശന എടുത്തണിഞ്ഞ് ദൈവത്തിന്റെ കരസ്പർശം ഹൃദയത്തിലേറ്റു വാങ്ങികൊണ്ട് വചനം മനസ്സിന്റെ ഉലകളിലിട്ട് കാച്ചികുറുക്കി. അതിലൂടെ പുറത്തുവന്ന വചനാമൃതം

തന്റെ ലാളിത്യം നിറഞ്ഞ ജീവിതത്തിലൂടെ ആ കർമ്മയോഗി ഇന്നും പകർന്നു കൊണ്ടിരിക്കുന്നു. ബ്ര. ഡൺസ്റ്റനച്ചന്റെ ജീവിതവുമായി അടുത്തിട - പഴകിയപ്പോൾ ഈ ശുശ്രൂഷകൻ്റെ കാല പ്രതിഭയോടെ, സ്വബോധത്തിൽ നിന്ന് ഉരു ദർശനവിശേഷങ്ങൾ ഒരു നിറനിലാവായി ഞങ്ങൾ അറിയിച്ചുവരുന്നു...



സംശയിക്കണ്ട
ഇതു ഞാൻ തന്നെ

വിശ്വസ്തം വരൂ ഉണ്ണാം.





# ഹൃദയം കവർന്നെടുത്ത

## ബ്രദ. ഡൺസ്റ്റനച്ചൻ

**ആദ്ധ്യാത്മികത** ഉടയാടയാക്കി സന്യാസം ശിരസ്സിൽ വഹിച്ച് ദൈവേഷ്ടം പാദരക്ഷയാക്കി, ഇന്നും അരുൾ മലർ ഉള്ളം നവസന്യാസഭവനത്തിൽ സുസ്മേരവദനനായി കഴിയുന്ന ഞങ്ങളുടെ വല്യച്ചന് നൂറ് നൂറ് മംഗളങ്ങൾ നേരുന്നു

അനേകം സുകൃതങ്ങളുടെ വിളനിലവും അനേകം അനുഭവങ്ങളുടെ ഭണ്ഡാരവും അനേകം വ്യക്തികളിൽ സ്വാധീനം ചെലുത്തിയവരുമായ ബ്ര. ഡൺസ്റ്റനച്ചൻ ഈ അവസ്ഥയിലും ഇവിടത്തെ അന്തേവാസികൾക്ക് ആദ്ധ്യാത്മികവും, മാനസികവുമായ ഉണർവും ഉൻമേഷവും നൽകുന്നത് എത്രയോ ശ്ലാഘനീയമാണ്. ഒരു അപ്പൂപ്പന്റെ സ്നേഹവും ഒരു യുവാവിന്റെ ചുറുചുറുപ്പും, ഒരു കുഞ്ഞിന്റെ നിഷ്ക്കളങ്കതയും അതിലുപരിയായി ഒരു സന്യാസിയുടെ തീക്ഷ്ണതയും നിറഞ്ഞു നിൽക്കുന്ന ബ്ര. ഡൺസ്റ്റനച്ചനെ കാണുമ്പോൾ എല്ലാവരും പറയും

അദ്ദേഹം ഒരു വിശുദ്ധൻ തന്നെയെന്ന് എന്നെ സ്പർശിച്ച അനുഭവങ്ങൾ നിരവധിയാണ്. ഓരോ ദിവസവും ഓരോ വിധത്തിൽ ഓ! ഭാഗ്യം. അദ്ദേഹത്തിന്റെ ജീവിതസായാഹ്നത്തിൽ അച്ചനോടൊപ്പം ജീവിക്കുവാൻ അവസരം കിട്ടിയത് മഹാഭാഗ്യം തന്നെ

**അഴകോ** ആകാരഭംഗിയോ അദ്ദേഹത്തിനില്ല. ബാഹ്യമായ മനോഹാരിത അദ്ദേഹത്തിൽ നിന്നും വളരെ വിദൂരത്താണ് എന്ന് പറയുന്നത് എല്ലാവരും സമ്മതിക്കും. തലയിൽ മുടിയില്ല, പുരികങ്ങൾ ശൂന്യമാണ്. പക്ഷേ ബാഹ്യമായ ആകർഷണത്തെ കവച്ചുവയ്ക്കുന്ന ഉള്ളിന്റെയുള്ളിൽ നിന്നും വരുന്ന നിഷ്കളങ്കമായ പെരുമാറ്റരീതിയും, പുഞ്ചിരിക്കുന്ന മുഖവും, ശാന്തവും, ശാലീനവുമായ സ്വഭാവവും ജീവിതത്തിൽ പ്രതിഫലിക്കുമ്പോൾ അത് എത്രയോ അത്ഭുതാവഹം എന്ന് പറയുന്നത് എല്ലാവരും അംഗീകരിച്ചു കൊടുക്കും

ബ. ഡൽഹർനച്ചൻ **അൾത്താരയിലെ കെടാ വിളക്ക്** എന്നും, വിളക്കായിരുന്ന വെന്നും ഉച്ചത്തിൽ

വിളിച്ചു പറയുവാൻ എനിക്ക് മടിയില്ല. ഞാൻ ഇന്നും ഓർക്കുന്നു അൾത്താരക്കു മുമ്പിൽ തലകുനിച്ച് രാത്രിയും പകലും ധ്യാന നിരതനായി മുട്ടിൻ-മേൽ നിന്ന് പ്രാർത്ഥിക്കുന്ന ബ. ബർണ്ണാച്ചൻ. അദ്ദേഹത്തിന്റെ അടുത്ത് Spiritual direction നോ, കുമ്പസാരത്തിനോ പോയാൽ പറയും ദൈവം തരുന്നത് സ്വീകരിക്കുകയെന്നും, ദൈവത്തിന് എല്ലാം അറിയാം എന്നൊക്കെ ഓർമ്മയില്ലാതെ ജീവിക്കുന്ന ഈ അവസ്ഥയിൽ അദ്ദേഹം പറയും: "ദൈവം തരും", "ദൈവം സഹായിക്കും എന്ന്". അതുകൊണ്ടാണല്ലോ, ശാരീരികമോ, മാനസികമോ ആയിട്ടുള്ള വേദനകൾ ഉണ്ടാകുമ്പോൾ, അച്ചന് ആരോടും പരാതിയോ, പരിഭവമോ ഇല്ലാതെ അദ്ദേഹം ഒരു പ്രാർത്ഥന മാത്രം ഉച്ചരിക്കുന്നത് "ദൈവമേ സഹായിക്കണമേ, ദൈവമേ രക്ഷിക്കണമേ, ദൈവമേ ഞാൻ നിന്നെ സ്നേഹിക്കുന്നു". ഇതിലും വലിയൊരു ആധ്യാത്മികത ഉണ്ടോ? തന്റെ കുട്ടിക്കാലത്തിൽ സ്വന്തം കൊച്ചു പെങ്ങൾ പറഞ്ഞുകൊടുത്ത വി. കൊച്ചുത്രേസ്യായുടെ ആധ്യാത്മിക ശാസ്ത്രം ആവശ്യനേരത്ത് പിന്തുടരുന്നതു കാണുമ്പോൾ

അസൂയ തോന്നുന്നു. അദ്ദേഹത്തോട് പാട്ട് പാടാൻ പറഞ്ഞാൽ ആ...... ആ....... എന്ന സ്വരം പാടു രൂപത്തിൽ പാടുന്നത് കാണേണ്ടതു തന്നെ. കൈകൾ കൂപ്പി പിടിച്ച് മാതാവിനേയും, ഈശോയേയും മനസ്സിൽ ധ്യാനിച്ച് ഭയഭക്തി ബഹുമാനങ്ങളോടെയാണ് അദ്ദേഹം പാടുക. ചാവറപിതാവിനോടുള്ള ഭക്തിയും അതിമനോഹരം തന്നെയാണ്. നവസന്യാസഭവനത്തിലെ നടുവട്ടത്തിൽ ചാവറ പിതാവിന്റെ രൂപത്തിനു മുമ്പിൽ ഈ അവസ്ഥയിലും അദ്ദേഹം പറയുന്നു: "അദ്ദേഹം നല്ലൊരു പിതാവാണ്, നല്ല അച്ചനാണ്, വിഷമം വരുമ്പോൾ അപേക്ഷിച്ചാൽ അദ്ദേഹം നമ്മെ സഹായിക്കും എന്നൊക്കെ". ഓർമ്മയില്ലാത്ത വരുടെ ഗണത്തിൽ അദ്ദേഹം പെട്ടുപോയെങ്കിലും ദൈവത്തേയോ, മാതാവിനേയോ, ചാവറ പിതാവിനെയോ കുറിച്ചുള്ള ഓർമ്മ നഷ്ടപ്പെട്ടു പോയിട്ടില്ല എന്ന് പറയുമ്പോൾ അദ്ദേഹത്തിന്റെ വിശ്വാസവും ആധ്യാത്മികതയും അത്രക്ക് ആഴമുള്ളതാണെന്ന് മനസ്സിലാകുന്നു. അച്ചാ, അച്ചൻ ഒരു പുണ്യവാനാണ് പ്രാർത്ഥിക്കുന്ന അച്ചനാണ്, സ്നേഹിക്കുന്ന

അച്ചനാണ് എന്നുമൊക്കെ ഞങ്ങൾ അദ്ദേഹത്തോട് പറയാറുണ്ട്. ഉത്തരം അത്ഭുതാവഹമാണ് (കരഞ്ഞു കൊണ്ട്) "ഞാൻ ഒന്നുമല്ല എന്നും, എനിക്ക് കുറവുകൾ ഉണ്ടെന്നും, നിങ്ങൾ എന്നെ കളിയാക്കുകയാണെന്നും" ഇങ്ങനെയൊക്കെ സുബോധത്തോടെ ഉത്തരം പറയുന്ന ബ. ഡൺസ്റ്റനച്ചനെ ഓർമ്മയില്ലാത്തവരുടെ ഗണത്തിൽ പെടുത്തുന്നത് തീർത്തും സംശയം തന്നെയാണ്. നമുക്കാണോ ഓർമ്മക്കുറവ് വന്നിരിക്കുന്നത്?

**പരിശീലന കളരിയിലെ** ദ്രോണാചാര്യനായി നിന്ന് ഏകദേശം അൻപതിലധികം വർഷത്തോളം അനേകം യുവാക്കളെ തീക്ഷ്ണതയുള്ള സന്യാസ വൈദികരാക്കാൻ ഗുരുവും, സഹായിയുമായി സേവനം ചെയ്ത അദ്ദേഹത്തെ കാണുമ്പോൾ അന്നും ഇന്നും അദ്ദേഹത്തിന്റെ ശിഷ്യൻമാർ പറയും ബ. ഡൺസ്റ്റനച്ചൻ ഒരു നല്ല മാതൃക പരിശീലകനാണെന്നും, ഒരു പുണ്യവാനാണ് എന്നുമൊക്കെ കേൾക്കുമ്പോൾ, ഞാനെവിടെ എന്ന് ചോദിച്ചു പോകുന്നു. ആധ്യാത്മിക ദൈവശാസ്ത്രവും ദൈവവചന ദൈവശാസ്ത്രവും, പുരോഗമന ദൈവശാസ്ത്രവും പഠിച്ചും, പഠിപ്പിച്ചും നടക്കുന്ന

നമുക്ക് അദ്ദേഹം അന്നും, ഇന്നും ഒരു വലിയ ചോദ്യമായി നിലകൊള്ളുന്നു

അദ്ദേഹത്തോടൊപ്പം ജീവിച്ച ചിലർ പറയാറുണ്ട്. അദ്ദേഹം ഒരു **വാശിക്കാരനാണെന്ന്** ക്രൈസ്തവ സന്യാസ മൂല്യങ്ങൾ സന്യാസ ആശ്രമങ്ങളിൽ ചേർന്നു പോകാതിരിക്കാൻ അദ്ദേഹം വാശിപിടിക്കുന്നത്, വെറും വാശിയല്ല അത് ആധ്യാത്മിക വാശിയാണ്

**അധികാരികളോടുള്ള** അച്ചന്റെ സമീപനവും, ആദരവും എടുത്ത് പറയേണ്ടത് തന്നെയാണ്. ഒരു ദിവസം എന്റെ മുറിയുടെ അടുത്ത് വന്ന് മുട്ടുകുത്തി." എന്നോട് ക്ഷമിക്കണം എന്ന് പറഞ്ഞപ്പോൾ, എന്റെ തൊണ്ട ഇടറുകയും ഞാൻ അസ്വസ്ഥനാകുകയും ചെയ്തു (കാരണം എന്തെന്ന് അറിയില്ല). ഞാൻ വലിയൊരു ഗുരുവായ് കണ്ട ഫാ. ഡൺസ്റ്റനച്ചൻ ഈ എളിയ ശിഷ്യനോട് കാണിച്ചത് അദ്ദേഹത്തിന്റെ അധി കാരികളോടുള്ള സമീപനവും, സ്നേഹവും ആദരവും എടുത്ത് കാണിക്കുന്നു. തന്റെ പാദ ങ്ങൾ കഴുകി തുടച്ച ക്രിസ്തു നാഥന്റെ മാതൃക

ബ്ര. വർഗ്ഗീസച്ചനിൽ ഫലമന്വേഷിക്കയല്ലേ ചെയ്യുന്നത് ഇതിലും വലിയൊരു മാതൃക ഇനി ഇവിടെ ചൂണ്ടിക്കാണിക്കേണ്ട ആവശ്യമുണ്ടോ ?

**പാവങ്ങളോടുള്ള** സമീപനം മാതൃകാപരമാണ്. വർഷങ്ങൾക്കു മുമ്പ് ചെർപ്പുളശ്ശേരിയിലും ചെന്നിമലയിലും എളിയ ജീവിതം നയിച്ച് പാവങ്ങളെ സഹായിക്കാൻ പോയത് നമ്മുടെ ഓർമ്മയിൽ നിന്നും മാറിപോയിട്ടുണ്ടാവില്ല. പക്ഷേ ഈ അടുത്ത കാലത്ത് (രണ്ടു വർഷം മുമ്പ്) അദ്ദേഹം ഒരു മുപ്പതു രൂപ ചോദിച്ച് എന്റെ അടുത്തേക്ക് വന്നു. ഞാൻ എന്തിനാണെന്ന് ചോദിച്ചപ്പോൾ "പാവങ്ങളെ സഹായിക്കാനാണെന്ന്" പറഞ്ഞപ്പോൾ പാവപ്പെട്ടവർക്കുവേണ്ടി ജീവിച്ചു മരിച്ച ഈശോയുടെ മാതൃക ബ്ര. വർഗ്ഗീസച്ചനിൽ നിറവേറുകയാണ്

**രോഗികളോടുള്ള** ബഹു. വർഗ്ഗീസച്ചന്റെ സമീപനം ആശ്വാസദായകമാണ്. രോഗം വന്നവരെ ശുശ്രൂഷിക്കുന്നതിലും, പരിചരിക്കുന്നതിലും അഗ്രഗണ്യനാണെന്ന് കേട്ടത് ഞങ്ങൾ ഇപ്പോൾ കാണുന്നു. ഏതെങ്കിലും സഹോദരനോ അച്ചനോ രോഗിയാണെന്നു കണ്ടാൽ അവരെ

ആശുപത്രിയിലേക്ക് കൊണ്ടുപോകണമെന്നും അത് ഞാൻ കൊണ്ടുപോയ്ക്കൊള്ളാം എന്നു മൊഴിഞ്ഞു. അപ്പോൾ അദ്ദേഹം പറയുന്ന ഒരു ആശ്വാസ വചനമുണ്ട്: "വിഷമിക്കേണ്ട എല്ലാം ശരിയായിക്കൊള്ളും" എന്ന്. അതുകൊണ്ട് തന്നെ ബഹുമാനപ്പെട്ട അച്ചനെ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ ഒരു എളുപ്പവഴിയും ഞങ്ങൾ ഏർപ്പാട് ചെയ്തു. ആരെങ്കിലും രോഗിയായി അഭിനയിച്ച്, ആ സഹോദരനെ കൊണ്ടുപോകണം എന്ന് പറയുമ്പോൾ അദ്ദേഹം ഉത്സാഹം കാണിക്കുന്നത് മാതൃക യോഗ്യമാണ്

ബ്ര. ഡൺസ്റ്റൻ നമ്പ്യൻ **സേവന തല്പരനും** കഠിനാദ്ധ്വാനിയുമാണ്. അദ്ദേഹം വെറുതെ ഇരിക്കുന്നതായി കണ്ടിട്ടില്ല. ഒന്നുകിൽ പള്ളിയിലോ ക്ലാസ്സ് മുറിയിലോ, വായനയിലോ അല്ലെങ്കിൽ പറമ്പിലോ ആയിരിക്കും. ഏകദേശം 83-ാം വയസ്സുവരെ പ്രഭാത ഭക്ഷണം കഴിഞ്ഞാലുടൻ കൈയ്യിൽ മൺവെട്ടിയുമായി പറമ്പിൽ അദ്ധ്വാനി

കുന്ന ഫാ. വർഗ്ഗീസ്സച്ചൻ കഠിനാദ്ധ്വാനത്തിന്റെ
ഉത്തമ മാതൃകയാണ്. ഈ സരവണംപട്ടി ഗ്രാമത്തിലെ
കൃഷിക്കാരായ ജനങ്ങൾ 'കാപ്പിപ്പൊടികൾ' അംഗീ
കരിച്ച് പണിയെടുക്കുന്ന അച്ചന്റെ ഈ പ്രവൃ
ത്തിയെ എടുത്ത് പറയാറുണ്ട്. പണി കഴി
ഞ്ഞാൽ അദ്ദേഹം നേരെ വരുന്നത് ക്ലാസ്സെടു
ക്കാനോ, അല്ലെങ്കിൽ പള്ളിയിൽ വിസിത്ത നടത്താ
നോ ആയിരിക്കും. നമ്മുടെ സഭയുടെ സിദ്ധിയായ
"പ്രാർത്ഥനയിൽ നിന്നും ഉരുത്തിരിയുന്ന പ്രവർത്ത
നത്തിന്റെ ഉദാത്ത മാതൃകയല്ലേ വർഗ്ഗീസ്സച്ചൻ.
'**മുള്ളു പൂമ്പൊടിയേറ്റു കിടക്കും** കല്ലിനു
മുണ്ടൊരു സൗരഭ്യം' എന്ന പഴമൊഴിയിൽ പറ
യുന്ന പോലെ, മുള്ള പൂമ്പൊടിയായ ഫാ. വർഗ്ഗീസ്സ
നച്ചനെ പരിചരിക്കുന്ന ഞങ്ങളെ മേൽശ്രേഷ്ഠർ-
മാരും, ശ്രേഷ്ഠൻമാരും അഭിനന്ദിക്കുമ്പോൾ
ഞാൻ ഉള്ളിൽ പറയും ഫാ. വർഗ്ഗീസ്സച്ചൻ
ഒരു മഹാ വ്യക്തിത്വത്തിന്റെ ഉടമയായതുകൊണ്ടാ
ണല്ലോ ഞങ്ങൾക്കും ആ സൗരഭ്യം ലഭിക്കു
ന്നത്. ഫാ. വർഗ്ഗീസ്സച്ചനെ ശുശ്രൂഷിക്കുന്ന

തിലും, പരിചരിക്കുന്നതിലും ഞങ്ങൾ അഭിമാനം കൊള്ളുകയും സന്തോഷിക്കുകയും ചെയ്യുന്നു.

മാതൃപ്രവിശ്യയായ ദേവമാതാ പ്രവിശ്യയിലും, തുടർന്ന് പ്രേഷിതപ്രവിശ്യയിലും സൗരഭ്യം പരത്തി ജീവിക്കുന്ന ബ. സെബാസ്ത്യനച്ചന് **പകരം ഇനി ആര്?** 86-അല്ല 860 വയസ്സ് വരെ സി.എം.ഐ സഭയിൽ നിറ സാന്ദ്രമായി ജീവിതം കാഴ്ചവയ്ക്കുവാൻ അദ്ദേഹത്തിന് ആരോഗ്യം പ്രദാനം ചെയ്യട്ടെ എന്ന പ്രാർത്ഥനയോടെ നിറുത്തട്ടെ

ബ. സെബാസ്ത്യനച്ചന്റെ എളിയ ശിഷ്യൻ
ഫ്ര. ബേസിൽ തട്ടിലച്ചൻ



കുട്ടിത്തമ്പാൾ

ഉണ്ടാക്കുന്ന

കുട്ടിത്തം.

# ഞാൻ അറിയുന്ന
# ഡൺസ്റ്റണച്ചൻ

ഒരു നാല്പതു വർഷം മുൻപാണ് ഞാൻ ഡൺസ്റ്റനച്ചന്റെ ശിഷ്യനാകുന്നത്. അപ്പോൾ അദ്ദേഹത്തിന് 45-46 വയസ്സു പ്രായം. പൂട പൊഴിഞ്ഞുപോയ പൂവൻകോഴിയെന്നോ മറ്റോ വിളിച്ച് അദ്ദേഹത്തെ ഒരു യാത്രയ്ക്കിടയിൽ ആരോ പരിഹസിച്ചുവെന്നു അന്നാളുകളിൽ അദ്ദേഹം ഞങ്ങളോടു പറയുകയുണ്ടായി. നാല്പതു വയസ്സു മുതലെങ്കിലും അദ്ദേഹം വൈദികവിദ്യാർത്ഥികളുടെ റെക്ടറും പഠനഗുരുവുമായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം വരന്തരപ്പിള്ളിയിൽ ഉരുവായതോടൊപ്പം ഞങ്ങളെ ഒരു കൊല്ലം സുറിയാനി പഠിപ്പിക്കുകയും ചെയ്തു.

അദ്ദേഹത്തോടൊപ്പം സഹപ്രവർത്തകരായിരുന്ന ഭൂരിഭാഗം അച്ചൻമാരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. റെജിനാൾഡ്, പെപ്പിൻ, ലാസർ, കാശ്മിർ, യൂസ്റ്റസ്, സക്കേവൂസ് എന്നിവരായിരുന്നു അവർ. അലാനൂസ്, സ്പിരിഡിയോൺ എന്നിവർ ഇപ്പോഴുമുണ്ട്. വരന്തരപ്പിള്ളിയിൽ അന്നു പ്രിയോരായിരുന്ന അബ്ദിയാസച്ചൻ ഇപ്പോൾ ആ ആശ്രമത്തിലുണ്ട്.

അന്നു പ്രൊഫസറായിരുന്നു ബഹു. കാശ്മീരച്ചൻ. അദ്ദേഹം ഡൺസ്റ്റനച്ചനെപറ്റി പറഞ്ഞ ഒരു പരാമർശം ഇപ്പോൾ ഓർക്കുന്നു. "ഗരുഡനെ പോലെയാണ് ആത്മപിതാക്കൻമാർ". ഗരുഡന്റെ

കണ്ണുപോലെയെന്നൊരു പഴമൊഴിയുണ്ട്. വളരെയധികം ഉയർന്നുപറക്കുന്ന ഗരുഡൻ ഭൂമിയിലുള്ള തന്റെ ഇരയെ പെട്ടെന്നു കാണും. സത്യസ്വരൂപനായ നിത്യനായ ദൈവത്തിന്റെ മുൻപിൽ അവിടത്തെ അരുമശിഷ്യരെ നോക്കിത്തിരിച്ചറിയുവാനുള്ള ക്രാന്തദർശിത്വം ഉള്ളവനാണ് റെക്ടർമാർ എന്നും. നൊവിഷ്യേറ്റിനു മുമ്പുള്ള രണ്ടു കൊല്ലത്തെ ലാറ്റിൻകോഴ്സ് കാലത്തു തന്നെ വിളിയില്ലാത്തവരെ വീട്ടിലേക്കു വിടാൻ ഡൺസ്റ്റനച്ചൻ ശ്രമിക്കാറുണ്ട്. സംശയത്തോടു കൂടി പറഞ്ഞുവിടുവർ നൊവിഷ്യേറ്റിൽ വച്ചോ അതിനുശേഷമോ പോയിട്ടുണ്ട്. പറഞ്ഞു വിടുന്ന ആള വ്യക്തിയോടും പറഞ്ഞുനിൽക്കുവാനുള്ള കഴിവും അദ്ദേഹത്തിനുണ്ട്.

പ്രത്യേക പരിഗണന വേണ്ടവർക്കു അതു ചെയ്തുകൊടുക്കാനും അദ്ദേഹത്തിനറിയാം. അമിതവാത്സല്യം കാണിച്ച് ആരെയും ഉപയോഗശൂന്യരാക്കാതിരിക്കാനും അദ്ദേഹം ബദ്ധശ്രദ്ധനാണ്. പ്രീനൊവിഷ്യേറ്റുകാർക്കു കൊടുത്ത ഫോർമേഷന്റെ പരിചയസമ്പത്ത് അദ്ദേഹം നൊവിഷ്യേറ്റുകാലത്തും തുടർന്നുവന്നു. അദ്ദേഹം ദീർഘകാലം സേവനം ചെയ്ത വരന്തരപ്പിള്ളി ആശ്രമത്തിന്റെ സുപ്പീരിയർ സ്ഥാനവും ഒരിക്കൽ അദ്ദേഹം അലങ്കരിക്കുകയുണ്ടായി.

എപ്പോഴും കുട്ടികളുമായുള്ള സംസർഗ്ഗം നിമിത്തം സംസാരത്തിലിപ്പോഴും കുട്ടികൾ തന്നെ ഹരം. രണ്ടര വയസ്സുകാരന്റെ പക്വതയോടെ വിശ്രമജീവിതം നയിക്കുന്ന ബഹു. ഡൺസ്റ്റനച്ചന് നല്ലമരണത്തിലൂടെ സ്വർഗ്ഗഭാഗ്യം ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അദ്ദേഹം ഗുരുവായിരുന്നപ്പോൾ പറഞ്ഞിട്ടുള്ള ഒരു സംഗതി ഇപ്പോൾ അയവിറക്കുന്നു. "നാമെല്ലാവരും വൈദികരാകുന്നതിലല്ല, പിന്നെയോ എല്ലാവരും സ്വർഗ്ഗത്തിലെത്തിച്ചേരുന്നതിലാണ് കാര്യം അടങ്ങിയിരിക്കുന്നത്"

ഫാ. പോൾ മുരിങ്ങാത്തേരി.

## ഞാൻ അനുഭവിച്ചറിഞ്ഞ ഡൺസ്റ്റനച്ചൻ.

എന്റെ ദൈവമേ, ഡൺസ്റ്റച്ചന്റെ കൂടെ വസിക്കുന്നത് എത്രയോ
സന്തോഷപ്രദം, സുഖദായകം

ഡൺസ്റ്റനച്ചൻ ?

ത്യാഗബോധനായ സന്യാസി

പ്രാർത്ഥനയുടെ മനുഷ്യൻ

സഹായത്തിന്റെ മഹനീയത

കഠിനാദ്ധ്വാനത്തിന്റെ മാതൃക

സ്നേഹത്തിന്റെ പ്രവാചകൻ

പുണ്യത്തിന്റെ ഉന്നതിയിലെത്തിയവൻ

വിശുദ്ധിയുടെ പരിമളവാഹകൻ

എന്റെ ജീവിതത്തെ സ്വാധീനിച്ച ഒരു വലിയ മഹാത്മാവ് !

സ്വന്തം ഇരിപ്പിടം പോലും മറ്റുള്ളവർക്കായി പങ്കുവെക്കുന്നവൻ!

തന്റേതല്ലാത്ത കാരണത്താൽ പോലും ക്ഷമ ചോദിക്കുന്നവൻ!

തിരസ്കരിക്കുന്നവരെ കോപം നീട്ടിക്കൊണ്ട് പോകാത്തവൻ!

സഹചാരികൾക്ക് ആശ്വാസത്തിന്റെ വേദമോതുന്നവൻ!

എന്നും എന്നും നന്ദിയുടെ വാക്കുകൾ പറയുന്നവൻ!

എവിടെ ആയിരുന്നാലും നന്നായി ജീവിക്കണം എന്ന് ഉപദേശിക്കുന്നവൻ!

പാവങ്ങളെയും പാപികളെയും കരുണയോടെ സഹായിക്കുന്നവൻ!

എന്നും സമൂഹത്തിൽ ആയിരിക്കുവാൻ ആഗ്രഹിക്കുന്നവൻ!
വാഗ്ദാനങ്ങളിൽ വിശ്വസ്തത പാലിക്കുന്നവൻ!
വിശുദ്ധിയുടെ ഉത്തുംഗ സോപാനത്തിലെത്തിയവൻ!
എങ്കിലും പാപിയാണെന്നുള്ള അവബോധമുള്ളവൻ!
ആരെയും, ഒരുറുമ്പിനെ പോലും ഉപദ്രവിക്കാത്തവൻ!
ഉരഗത്തെ, പാമ്പിനെ പുഷ്പമായി കയ്യിൽ പിടിക്കുന്നവൻ!
പ്രാർത്ഥിക്കാൻ കടന്നുവരുന്നവർക്ക് ദേവാലയ കവാടം തുറക്കുന്നവൻ!
പുണ്യത്തിൽ ചരിക്കുവാനാഗ്രഹിക്കുന്നവർക്ക് മാതൃക നൽകുന്നവൻ!
സ്വന്തം വേദനകളെ പരിഗണിക്കാതെ സന്തോഷിക്കുന്നവൻ!
മറ്റുള്ളവരുടെ വേദനകളിൽ ആശ്വാസവുമായി കടന്നുവരുന്നവൻ!
അധികാരികളെ ദൈവതുല്യരായ്ക്കണ്ട് കൈ കൂപ്പുന്നവൻ!
പ്രകൃതിയോടും പക്ഷിജാലങ്ങളോടും അനുകമ്പയുള്ളവൻ!
എല്ലാറ്റിനും ഉപരി വിശുദ്ധനായ പുണ്യാളച്ചൻ!

ഇങ്ങനെയുള്ള ഒരു വൈദികന്റെ കൂടെ വസിക്കുന്നത്, ശുശ്രൂഷിക്കുന്നത് എത്രയോ ആനന്ദദായകം, സുഖപ്രദം.

സാമൂഹ്യ ജീവിതത്തിൽ, വ്യക്തിബന്ധ ജീവിതത്തിൽ, പ്രവർത്തന മേഖലകളിൽ, വ്യക്തിപരമായ പ്രശ്നങ്ങളിൽ, പ്രാർത്ഥിക്കുവാൻ ബുദ്ധിമുട്ടനുഭവിക്കുന്ന നിമിഷങ്ങളിൽ, എല്ലാറ്റിലും ബുദ്ധിമുട്ടനുഭവിക്കുന്ന, തീരുമാനങ്ങളെടുക്കാൻ കഷ്ടപ്പെടുന്ന, സന്തോഷിച്ച് ചിരിക്കുവാൻ, പൊട്ടിച്ചിരിക്കുവാൻ ആഗ്രഹിക്കുന്ന സന്യാസസഹോദരങ്ങളെ, മറ്റു

വരുവിൻ! നിങ്ങൾക്കെല്ലാം എല്ലാ കാര്യത്തിലും ആശ്വാസം പകർന്ന തരാൻ, ഉത്തരം നൽകുവാൻ, പ്രാർത്ഥിക്കുവാൻ ഇതാ ദൈവം നിങ്ങൾക്കായി ഒരുക്കി വച്ചിരിക്കുന്നു, ഒരു 'King Maker'-ന്റെ' ഒരു അച്ഛൻ, പുണ്യവാനായ ഡോൺ സ്ഥനച്ചൻ.

ദൈവമേ രക്ഷിക്കണമേ...
കർത്താവേ സഹായിക്കണമേ...
മാതാവേ കാത്തുകൊള്ളണമേ...
ദൈവമേ നിന്നെ ഞാൻ സ്നേഹിക്കുന്നു...
പ്രാർത്ഥിക്കാം!.. പ്രാർത്ഥിക്കണമേ...

വിഷമിക്കേണ്ട! ദൈവത്തെ മറക്കാതിരിക്കുക.
കർത്താവ് സഹായിക്കും.
ദൈവം അനുഗ്രഹിക്കും.

പുണ്യവാനായ ഡോൺ സ്ഥനച്ചനോടൊത്ത്
വസിക്കുവാൻ ഭാഗ്യംലഭിച്ച ഒരു എളിയവൻ.
കുഞ്ഞൻ.

# – വിശുദ്ധിയുടെ സൗരഭം.

പ്രേഷിത പ്രസ്ഥാനങ്ങളുടെ പ്രവർത്തന മണ്ഡലങ്ങളിൽ ആ പ്രസ്ഥാനം വിജയം വരിക്കുന്നതിന് കാരണം പ്രസ്ഥാനങ്ങളുടെ പവർ ഹൗസിൽ നിന്നും വരുന്ന പവർ ആണ്. ഒരു കാരണം ഈ പവർ ഇവിടെ നിന്ന് പുറപ്പെടുമ്പോൾ അതിൽ അനേകം ലൈനുകൾ പ്രവർത്തിക്കുന്നു. ഇതിൽ പവർ നൽകാൻ ഏറ്റവും അധികം മെയിൻ ലൈനായി പ്രവർത്തിക്കുന്നത് ഡൺസ്റ്റൺ അച്ചനാണ്. പ്രേഷിത പ്രസ്ഥാനങ്ങളുടെ മെയിൻ പവർ ലൈൻ ഡൺസ്റ്റൺ അച്ചനാണ്. അച്ചനെക്കുറിച്ച് ഞാൻ എന്റെ ചില വീക്ഷണങ്ങൾ താഴെ കുറിക്കുന്നു

"
"കർത്താവേ രക്ഷിക്കണമേ കർത്താവേ സഹായിക്കണമേ" എന്ന് പറഞ്ഞ് ആരംഭിക്കുന്ന ദിനചര്യകൾ ദിനവും മാറിയാലും ആരോഗ്യപ്രശ്നങ്ങൾ തന്നെ എത്രയലട്ടിയാലും കർതൃനാമം തന്റെ നാവിൽനിന്നും ഉയർത്തുവാൻ അച്ചന് കഴിയുന്നതിൽ ഞാൻ നമിച്ച വിശുദ്ധ ജീവിതത്തിന്റെ തുടർച്ചയാണ്

ഓർമ്മ നഷ്ടപ്പെട്ട ഈ അവസ്ഥയിലും ഒരു ആത്മീയപിതാവിന്റെ ശുഷ്കാന്തിയിൽ മറ്റുള്ളവരെ ഉപദേശിക്കുന്നത് അവർക്കു നീയാണ് ആത്മീയതയുടെ അടിസ്ഥാനമായ എളിമ അച്ചന്റെ മുഖമുദ്രയായി തിളങ്ങുന്നത് എനിക്ക് ദർശിക്കുവാൻ സാധിച്ചിട്ടുണ്ട്

നവസന്യാസത്തിൽ അദ്ദേഹത്തിൽ നിന്നും പഠിക്കുന്ന വിശുദ്ധിയിൽ എല്ലാവരും തന്നെ മതിവന്ന് ആനന്ദിക്കുവാൻ ശ്രമിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്

തന്റെ ഭാഗത്തുനിന്ന് തെറ്റുവന്നാൽ മാപ്പ് പറയുന്നതിന് അദ്ദേഹത്തിന് യാതൊരുവിധ മടിയും ഇല്ല. തന്റെ ഓർമ്മ നഷ്ടപ്പെട്ടാലും തന്റെ ഓർമ്മയുടെ ആ പരിധനത്തിൽ നിന്നും താൻ മൂലം വേദന അനുഭവിക്കുന്ന അവസ്ഥ സംജാതമായ വ്യക്തിയോട് മാപ്പു പറയുന്നത് ഒരു സ്ഥിരം കാഴ്ചയായി മാറിയിരുന്നു

ഇപ്പോഴും ഞങ്ങളോടും അച്ചൻ മാറോടും ഒപ്പം ഇരിക്കുവാനുള്ള ആഗ്രഹം കാണിക്കുന്നത് തന്റെ പഴയകാല സമൂഹ ജീവിതത്തിന്റെ ഒരു ബഹിസ്ഫുരണം മാത്രമാണ് ആരെയും സഹായിക്കുവാനും എല്ലാവരോടും സംസാരിക്കുവാനും അച്ചന് മടിയില്ല

ഓർമ്മയില്ലാത്ത ഈ അവസ്ഥയിലും കാര്യങ്ങൾ അതിന്റെ ഗൗരവത്തിൽ നോക്കുവാനും തെറ്റ് കണ്ടാൽ അത് ഉടനെ തന്നെ ഡൺസ്റ്റണച്ചൻ തുറന്നു പറയുന്ന ഈ ഒരു ദാനം ദൈവാനുഗ്രഹത്തിന്റെ മറ്റൊരു തെളിവാണ്

പാവങ്ങളെക്കാണുമ്പോൾ ഉള്ള അവസ്ഥ അതി മനോഹരമാണ് ഈ ഓർമ്മ ഇല്ലാത്ത അവസ്ഥയിലും പാവങ്ങളെ കാണാൻ തിരിച്ചറിയുവാനുള്ള കഴിവ് അദ്ദേഹത്തിന്റെ ഒരു സിദ്ധിതന്നെയാണ്. ആരെ കണ്ടാലും ചിരിക്കുവാനും വന്ദനം നൽകുവാനും മടിയില്ല

പഴയകാല ഓർമകൾ തന്റെ മനസ്സിൽ വരുമ്പോൾ കണ്ണു നിറയുന്നതും സന്തോഷിക്കുന്നതും കാണുവാൻ സാധിക്കും. ഇതിൽ തെറ്റിന് മാപ്പു പറയുവാനും നന്മയിൽ സന്തോഷിക്കുവാനും അദ്ദേഹം ശ്രമിക്കുന്നു.

എന്നാൽ ഒന്നും തന്നെ നഷ്ടമായി പോകാതിരിക്കാനും ഉള്ളതിൽ ഏറ്റവും യോഗ്യമായത് തന്റെ ഉപയോഗത്തിന് എടുക്കാനും അച്ചൻ തന്റെ ജീവിതത്തിലൂടെയും പ്രവർത്തനത്തിലൂടെയും നമ്മെ പഠിപ്പിക്കുന്നു

ഇപ്പോഴും അച്ചന് അധികാരികളോടുള്ള

വിധേയത്വ മനോഭാവം ഈശ്വര കൃപയുടെ ഒരു ഭാഗമാണ് നവസന്യാസികൾക്ക് മാതൃകയും പ്രചോദനവുമാണ് ലോറൻസച്ചൻ

യുവാക്കളുടെ കൂടെയാകുവാനും ആത്മീയപിതാക്കൻമാരോടൊപ്പം ആത്മീയ പിതാവാകുവാനും ഉള്ള കഴിവ് അച്ചൻ പ്രദർശിപ്പിക്കുന്നു അച്ചന് ചെയ്യാൻ കഴിയാത്തത് നാം ചെയ്യുമ്പോൾ മനോഹരമായിട്ടുണ്ട്, നല്ലതാണ് എന്നു പറയുവാനും സാധിക്കുന്നു.

എത്രമാത്രം വേദനകൾ വന്നാലും കടിച്ച് പിടിച്ച് നമ്മുടെ മുമ്പിൽ സന്തോഷത്തോടെ നിൽക്കുന്ന ലോറൻസച്ചൻ സന്യാസജീവിതത്തിൽ നമുക്ക് ചോദ്യമായി മാറുന്നു

ആഴമായ ശാന്തതയിൽ പള്ളിയിൽ പ്രാർത്ഥനയിൽ ആയിരിക്കുന്ന ലോറൻസച്ചൻ യഥാർത്ഥത്തിൽ ദൈവസ്നേഹത്താൽ നിറഞ്ഞ ഒരു വ്യക്തിയാണ്. മറ്റുള്ളവർക്ക് പ്രാർത്ഥിക്കുവാൻ പള്ളി തുറന്നിടാനും അങ്ങനെ മറ്റുള്ളവരെ ദൈവത്തിലേക്ക് ഉയർത്തുവാനും ഇപ്പോഴും അച്ചൻ ശ്രമിക്കുന്നു

തന്റെ മുൻകാലങ്ങളിൽ തനിക്ക് തെറ്റ് ചെയ്തവരെ തിരിച്ചറിയാൻ ഒരു വിധം ആ [illegible]

പുരോഹിതൻ ശ്രമിക്കുന്നുണ്ട്. തന്റെ വാർദ്ധക്യത്തിൽ ദൈവത്തെക്കുറിച്ചുള്ള അറിവ് പകർന്നു തന്നവരെ അച്ചൻ ഇന്നും എടുത്ത് പറയാറുണ്ട്. കോലേ മക്കളുടെ വാർദ്ധക്യമാണ് അച്ചൻ എന്നും അഭില ഷിക്കുന്നത്. അത് ദൈവസ്നേഹത്തിൽ അധിഷ്ഠിത മാകണം അതാണ് ഡൺസ്റ്റനച്ചന്റെ ആഗ്രഹം

അധികാരികൾ പറയുന്നത് അനുസരിക്കുവാനും അത് നിറവേറ്റുവാനും ഉള്ള ആ മനസ്സ് തന്റെ ജീവിതത്തിലൂടെ നീളം താൻ തുടർന്ന അനുസരണ പാതയുടെ ഉന്നതിയായ സഫലീകരണമാണ്. 'അച്ചന്റെ ഇഷ്ടം പോലെ' എന്ന് പറയുമ്പോൾ അച്ചൻ അനുഭവിക്കുന്ന സന്തോഷം ദൈവികമാണ്.

സുഖത്തിലും ദുഃഖത്തിലും ദൈവത്തെ കണ്ടെത്തുന്ന ഡൺസ്റ്റനച്ചൻ തികച്ചും ദൈവിക മനുഷ്യനാണ്. തന്റെ ജീവിതശൈലികൾ ഓർമ്മിക്കുവാൻ ഡയറിബുക്ക് ഉണ്ട് അതൊപ്പിച്ചാൽ ഒരു യോഗിയുടെ ജീവിതമാണ് ആ പുണ്യാത്മാവ് നയിക്കുന്നത്. തന്നെ വിളിച്ചവനോട് വിശ്വസ്തനായിരുന്ന എന്നതിന്റെ തെളിവാണ് മുകളിൽ പറഞ്ഞവയുടെ അടിസ്ഥാനം.

തികച്ചും സന്യാസിയുടെ എല്ലാ ഗുണഗണ

ഞ്ഞുറും കൈവിടാതെയാണ് ഇരുപതുവയസായിട്ടും അദ്ദേഹം ജീവിക്കുന്നത്. തികച്ചും മനുഷ്യനാണ് എന്ന നിലയിൽ മാനുഷികമായ മൂല്യങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നൽകുന്നു. ദൈവിക മൂല്യങ്ങൾ തന്റെ പിടുത്താകുന്നു. അച്ചനെ കുറിച്ച് ചുരുക്കാൻ അച്ചൻ വിശുദ്ധനാണ് എന്ന് പറയുന്നതാണ്

ഒരു പാട് മനുഷ്യരുടെ ഇടയിലെ നിലം തികഞ്ഞ മനുഷ്യനും മനുഷ്യരിലെ ഒരു വിശുദ്ധനുമാണ് ഡൺസ്റ്റണച്ചൻ. മനുഷ്യനാകുക വിശുദ്ധനാകുക എന്ന പ്രയോഗം തന്റെ ജീവിതത്തിൽ സന്യാസജീവിതത്തിൽ പ്രാവർത്തികമാക്കിയ നിലം തികഞ്ഞ സന്യാസി വിശുദ്ധൻ...

Bro. റിജോ



# ഞങ്ങളുടെ വിശുദ്ധനായ അപ്പൂപ്പൻ

ഓർമ്മയിലേക്ക് വെളിച്ചമെത്തുന്നതിനു മുൻപേന്നോ അദൃശ്യമായ ലോകത്തിലേക്ക് യാത്രയായ ഓർക്കുവാൻ ഞാൻ അശക്തനായ ഒരു അപ്പൂപ്പന്റെ ഛായയുണ്ടായിരുന്നു ഡൺസ്റ്റനച്ചന്. അതുകൊണ്ടോ എന്തോ എനിക്കിവിടെ നൽകുവാൻ കഴിയാതിരുന്ന സ്നേഹം ഇവിടെ നൽകുവാൻ സാധിക്കുന്നു. എത്രത്തോളം വർണ്ണിക്കുവാൻ ശ്രമിച്ചാലും ഡൺസ്റ്റനച്ചന്റെ വ്യക്തിത്വത്തിന്റെ ചിത്രം പൂർണ്ണമാവില്ല. കാരണം അതിലുമപ്പുറമെന്തൊക്കെയോ ആ മഹനീയ വ്യക്തിത്വത്തിലുണ്ട്.

എല്ലാവരും അച്ചനിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട് എന്തോ ഒരു വിശുദ്ധ ശക്തിയാൽ. എല്ലാവർക്കും അദ്ദേഹത്തോടു തോന്നും സ്നേഹം വെളിവാക്കുന്ന ഒരു വസ്തുതയാണിത്.

ചില സമയത്ത് അച്ചനിൽ കാണുന്നത് ഒരു കൊച്ചു-കുട്ടിയുടെ ഭാവമാണ്. എല്ലാകാര്യത്തിലും സംശയം ചോദിക്കുന്ന, അനുവാദം ചോദിക്കുന്ന ഒരു കൊച്ചുകുട്ടി. ശൈശവവും കൗമാരവും യൗവ്വനവും വാർദ്ധക്യവുമെല്ലാം കഴിഞ്ഞു അച്ചൻ വീണ്ടുമൊരു ശൈശവദശയിലേക്കെത്തിയെന്നു ചിലർക്കെങ്കിലും തോന്നാതിരിക്കില്ല.

വാർദ്ധക്യത്തിന്റേതായ ബലഹീനതകൾ, അവസ്ഥാന്തരങ്ങൾ

വന്നിട്ടും ഇന്നും തുടരുന്ന ഒരു തപസ്യയാണ് അച്ചന്. അതാണ് പ്രാർത്ഥന. ചില സമയത്തു ഒറ്റയ്ക്കു ഒരു പോക്കുണ്ട് തിരുസക്രാരിയുടെ അടുത്തേക്ക്. അവിടെയെത്തിയാൽ ചിലപ്പോൾ മുട്ടുകുത്തി എന്നിട്ട് ഉറക്കെ ചൊല്ലും "കർത്താവേ രക്ഷിക്കണമേ, കർത്താവെ സഹായിക്കണമേ" ഓർമ്മയുടെ നാളങ്ങൾക്കു മങ്ങലേറ്റിട്ടും ഒട്ടും മങ്ങാത്ത ഈ പരിശുദ്ധചൈതന്യം അച്ചന്റെ വിശുദ്ധിയല്ലേ വിളിച്ചറിയിക്കുന്നത്.

ഡൺസ്റ്റനച്ചൻ ഞങ്ങളുടെ അപ്പാപ്പനല്ലേ? അതിനാൽ സ്നേഹം സ്നേഹം കൊച്ചു കൊച്ചു തമാശകൾക്കും വഴിമാറുന്നിടും. ചിലപ്പോൾ ദേഷ്യം വന്നാൽ ഡൺസ്റ്റനച്ചൻ കൈവിരൽ പതുക്കെ ഒന്നടിക്കും. എന്നാൽ അല്പം കൂടി കഴിയുമ്പോൾ അതു തെറ്റായിരുന്നു എന്നു തോന്നിയാൽ വന്നു ക്ഷമ ചോദിക്കും.

ഞങ്ങളിൽ പലരും ചിന്തിച്ചിട്ടുണ്ട്. ഒരു വൈദികനാകുന്നെങ്കിൽ ഡൺസ്റ്റനച്ചന്റെ പോലെയാകണമെന്ന്. ജീവിതത്തിന്റെ സായാഹ്നകാലം ഡൺസ്റ്റനച്ചന്റെ പോലെ ജീവിതചൈതന്യത്താൽ നിറയ്ക്കണമെന്ന്. എല്ലാവരാലും സ്നേഹിക്കപ്പെടുന്ന ഈ വലിയ വിശുദ്ധന്റെ പോലെയാകണമെന്ന്. കാലത്തിന്റെ പാതയിലൂടെ ദൈവാനുഗ്രഹം തരുമെന്നു പ്രതീക്ഷിക്കാം.

ഞങ്ങളുടെ ഈ സമൂഹത്തെ വളരെ 'Fresh' ആയി കാത്തുസൂക്ഷിക്കുന്നത് അച്ചന്റെ സാന്നിധ്യമാണ്. ഇതുപോലെയുള്ള വിശുദ്ധരായ ഓരോ വൈദികരെ എല്ലാ നോവിഷ്യേറ്റ്ഹൌസുകളിലും ലഭിച്ചാൽ നവസന്യാസകാലം വളരെയേറെ ചൈതന്യമുറ്റതായിത്തീരും തീർച്ച.

അതിനെങ്കിലും വയ്യാ എന്നു പറഞ്ഞാൽ ഹോസ്പിറ്റലിൽ കൊണ്ടുപോകാൻ വന്ന ഡൺസ്റ്റനച്ചൻ ആയാനാണ്. ഈ കാരണം പറഞ്ഞാണ് സാധാരണ അച്ചനെ 'Hospital' ൽ കൊണ്ടുപോവുന്നത്. ഞങ്ങൾക്ക് ഉപദേശങ്ങളും ഡൺസ്റ്റനച്ചൻ തരാറുണ്ട്. ഓർമ്മയില്ലെങ്കിലും എല്ലാമറിഞ്ഞു പറയുന്ന അനുഭവമാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത്.

ഇനിയുമേറെ അച്ചനെക്കുറിച്ചു പറയുവാനുണ്ട്. സാധാരണമായി മനുഷ്യർ കൊച്ചുകൊച്ചു വേദനകൾ പോലും ഉയർത്തിക്കാട്ടി സഹതാപം പിടിച്ചുപറ്റാൻ ശ്രമിക്കുന്നവരാണ്. പക്ഷേ തന്റെ വേദന ആരെയും അറിയിക്കാതിരിക്കുവാൻ ശ്രമിക്കുന്നയാളാണ് ഡൺസ്റ്റനച്ചൻ.

അന്നു ഞാനായിരുന്നു ഡൺസ്റ്റനച്ചനു കൂട്ടുകിടന്നത്. 'Bathroom' ലെ ലൈറ്റിട്ടില്ലായിരുന്നു. രാത്രി എന്തൊക്കെയോ തട്ടിമുട്ടുന്ന ശബ്ദം കേട്ടാണു ഞാനെഴുന്നേറ്റു. ഞാൻ കണ്ടു ഡൺസ്റ്റനച്ചൻ വാതിലിനടുത്തു കിടക്കുന്ന കാഴ്ചയായിരുന്നു. അച്ചൻ ഇരുട്ടത്തു തട്ടിവീണതായിരുന്നു. അതെന്നെനിക്കു മനസ്സിലായി. തല അല്പം പൊട്ടിയിട്ടുണ്ടായിരുന്നു. വേദനയുണ്ടോ എന്നു ഞാൻ ചോദിച്ചതിന്റെ മറുപടി മിഴി നിറഞ്ഞ ഒരു ചിരിയായിരുന്നു. കൂടെ കൂട്ടിച്ചേർത്തു "സാരമില്ല".

ദിനവും മാതൃക നൽകുന്ന അച്ചനെക്കുറിച്ചെഴുതുവാൻ ഇനിയുമേറെ എങ്കിലും... നിർത്തുന്നു. ഈ വലിയ വിശുദ്ധൻ ഇനിയും ഒരുപാടു സ്നേഹം നൽകിയും സ്വീകരിച്ചും നോവിഷ്യേറ്റുഹൗസിന്റെ അപ്പാപ്പനായി, മാതൃകയായി ജീവിക്കട്ടെ.

Bro. Arun

# ഉള്ളത്തിലെ വിശുദ്ധൻ

"നീ എനിക്കു വേണ്ടി പ്രാർത്ഥിക്കണം" ഇതുകേട്ട നിമിഷം മുതൽ ഞാൻ ആകെ മാറിപ്പോയി. വിശുദ്ധൻ, വിശുദ്ധൻ എന്നൊക്കെ വിളിക്കുന്നുണ്ടെങ്കിലും അതൊന്നു പരീക്ഷിച്ചു കളയാമെന്നു കരുതി ഒരു ദിനം ഞാൻ ആ പുണ്യപുരുഷന്റെ മുറിയിലേക്കു കടന്നുചെന്നു. അദ്ദേഹത്തിന്റെ കുമ്പസാരം ഹൃദയസ്പർശിയാണെന്നു കേട്ടിട്ടുണ്ട് പക്ഷേ അനുഭവിച്ചിട്ടില്ല. അതിനാൽ ആ കുമ്പസാരം തമാശയ്ക്കൊന്നു കേൾക്കാൻ ഞാൻ കയറിച്ചെന്നു. പിന്നെ കുമ്പസാരിക്കുവാൻ ഒരു കള്ളക്കഥയുണ്ടാക്കി– "ഞാൻ ഒരു സഹോദരനുമായി വഴക്കുകൂടി." സന്ദർശകൻ മുറിയിലേക്കു പ്രവേശിച്ചു. കട്ടിലിൽ ഡൺസ്റ്റൺ അച്ചൻ ഇരിക്കുന്നു. തൊട്ടടുത്തൊരു കസേരയിൽ ഗണേശ്ച്ചേട്ടനും. പശ്ചാത്താപത്തിന്റെ മുഖഭാവം അഭിനയമികവോടെ അവതരിപ്പിച്ചു കൊണ്ടു ഞാൻ പറഞ്ഞു. "അച്ചാ ഞാനൊരു പാപിയാണ്. എനിക്കൊന്നു കുമ്പസാരിക്കണം" ഉടനെ ഒരു യുവാവിന്റെ കരുത്തോടെ എഴുന്നേറ്റ് അദ്ദേഹം ഗണേശ്ച്ചേട്ടനോടു പറഞ്ഞു. "പുറത്തേക്കു പോ; ഞാനൊന്നു കേൾക്കട്ടെ".

കുമ്പസാരം ആരംഭിച്ചു. ഞാൻ പറഞ്ഞതൊന്നു മാത്രം. "ഞാൻ വഴക്കു കൂടി". തിരിച്ചു ഡെൺസ്റ്റനച്ചന്റെ ചോദ്യം– നീ വേറെയൊന്നും ചെയ്തില്ലേ? ഇല്ലാ എന്നു ഞാൻ മറുപടി നൽകി. പിന്നെ തുടർന്നുവന്നതു ചോദ്യങ്ങളായിരുന്നു. സംസാരിക്കുന്നതു തിരിയാതിരുന്നതിനാൽ ചിലതെനിക്കു മനസ്സിലായില്ല. എന്നാലൊരു ചോദ്യം എന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. "നീ ഈശോയെ സ്നേഹിക്കുന്നുണ്ടോ? ഞാൻ സ്തബ്ദനായ് നിന്നു. പരിശുദ്ധിയുടെ തരംഗം എനിക്കു ചുറ്റും പ്രസരിക്കുന്നതായ് എനിക്കു തോന്നി.

നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ് എന്നു മോശയോടു 'യാഹ്‌വെ' ആയ ദൈവം പറഞ്ഞ വാക്കുകൾ എന്റെ ഹൃദയത്തിൽ മന്ത്രിക്കുന്നതു പോലെ. ഡെൺസ്റ്റനച്ചൻ മറ്റൊരു കാര്യം കൂടി പറഞ്ഞു. "നീ യേശുവിനെ സ്നേഹിക്കണം." എന്തോ, എന്റെ കണ്ണിൽ കണ്ണുനീർ നിറഞ്ഞു. പരിശുദ്ധിയുടെ പരിമളം വിതറുന്ന ഈ പുണ്യാത്മാവിനെയാണോ ഞാൻ പഠിക്കുവാൻ ശ്രമിച്ചത്. അവസാനമായി ഒരു കാര്യം കൂടി ഉപദേശരൂപേണ പറഞ്ഞു "പോയി നന്നായി ജീവിക്കൂ" പിന്നെ എന്റെ കൈമുത്തിയിട്ടു പറഞ്ഞു നീയെനിക്കുവേണ്ടി പ്രാർത്ഥിക്കണം. ഈ പുണ്യാത്മാവിന്റെ ജീവിതം പാശ്ചാത്യരാജ്യത്തായിരുന്നെങ്കിൽ രണ്ടാമത്തെ പാദ്രേപിയോ എന്നു വിളിക്കപ്പെടുമായിരുന്നു. പക്ഷേ ദൈവം അദ്ദേഹത്തെ ഈ കൊച്ചുകേരളത്തിൽ ഒതുക്കുവാൻ അനുഗ്രഹിച്ചു. ഒരു സ്നേഹസന്ദേശം നൽകുവാൻ.

യുവാക്കളെ, ചെറുപ്പക്കാരെ നിങ്ങൾ മാതാവിനെ സ്നേഹിക്കണം, അമ്മയോടു പ്രാർത്ഥിക്കണം; എന്നു കേട്ടപ്പോൾ ഒളിഞ്ഞുകിടക്കുന്ന പ്രവാചകശബ്ദം ഒഴുകിവരുന്നതുപോലെയാണ് എനിക്കു അനുഭവപ്പെട്ടത്. ഇവ എഴുതുന്ന എളിയവനായ ഞാൻ അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ കഴുകുകയോ വേണ്ട വിധത്തിൽ ശുശ്രൂഷ ചെയ്യുന്നതിലോ മികച്ചവനല്ലാ. അദ്ദേഹമുണ്ട് അങ്ങനെയൊക്കെ ചെയ്യുവാൻ പക്ഷേ സാധിക്കുന്നില്ല. എങ്കിലും ഞാൻ അദ്ദേഹത്തിന്റെ പരിശുദ്ധിയുടെ ശക്തി അനുഭവിച്ചവനാണ്.

ഈ വാർദ്ധക്യത്തിലും ഒരു യുവാവിന്റെ കരുത്തോടെ അദ്ദേഹം നടക്കുന്നു. ഒരു ചൊവ്വാഴ്ച ദിവസം - സമയം : 6:07. വിസിത്ത കഴിഞ്ഞു ഞങ്ങൾ പള്ളിയിലേക്കു പോയിക്കൊണ്ടിരിക്കുന്നു. അപ്പോൾ ഒരു വൃദ്ധനായ മനുഷ്യൻ പള്ളിയിലേക്കുള്ള പടി കയറുകയാണ്. രണ്ടാമത്തെ പടിയിലേക്കുള്ള കാലുവച്ചപ്പോൾ അദ്ദേഹത്തിന്റെ കാലുകൾ വഴുക്കുവാൻ തുടങ്ങി. അനുനിമിഷത്തിൽ തന്നെ ഇതു കണ്ട ഡൺസ്റ്റനച്ചൻ അയാളെ പിടിച്ചു വീഴ്ചയിൽ നിന്നും രക്ഷിച്ചു. ഞാൻ ഞെട്ടിപ്പോയി. എനിക്കുപോലും ശ്രദ്ധയില്ലാത്ത കാര്യത്തിൽ അദ്ദേഹം ഇത്രയധികം ശ്രദ്ധ പതിക്കുന്നു. പിന്നെ എപ്പോഴെല്ലാം അയാൾ വീഴുവാൻ പോയിട്ടുണ്ടോ? അപ്പോഴെല്ലാം ഡൺസ്റ്റനച്ചൻ ആയിരിക്കും രക്ഷകൻ.

എങ്കിലും എന്തുകൊണ്ടു വിശുദ്ധൻ ലോകപ്രശസ്തനായില്ല. അതൊക്കെ അവിടെയിരിക്കട്ടെ. സന്യാസി ശൂന്യതയിൽ ദൈവത്തെ കണ്ടെത്തുന്നവനായിരിക്കണം. അവൻ അതിനായ് സ്വയം ശൂന്യനാകണം.

എന്നാലീ കാര്യത്തിൽ ഫൺസ്റ്റനച്ചൻ C.M.I സഭയിലെ എല്ലാ അച്ചൻമാരെയും വെട്ടിയ്ക്കും. വേണമെങ്കിൽ പാവനയച്ചനെയും. കാരണം അദ്ദേഹത്തിനു സ്വന്തമായി ഒന്നുമില്ല. ആകെയുള്ളതു ഒരു ട്രങ്ക്പെട്ടിയും ബാഗും. അതിലോ കുറച്ചുവസ്ത്രങ്ങളും. പിന്നെ സ്വതസിദ്ധമായ ചിരിയും. ഒരു ജാംബവാന്റെ കാലത്തെ കണ്ണാടിയും. സ്വന്തമായുണ്ട്. പക്ഷേ ഇന്നത്തെ പല കണ്ണാടകളെക്കാളും ശക്തിയുണ്ട്; ഉന്നമേന്മയുണ്ട്.

സ്വന്തമായ ടൈംടേബിൾ അദ്ദേഹത്തിനില്ല. സദാ സമയവും ദിവ്യകാരുണ്യത്തിന്റെ മുമ്പിലാണ്. ഉറക്കത്തിൽ പോലും പ്രാർത്ഥനാനിരതനായ ഭാവഭേദം മുഖത്തു ദർശിക്കാം. സാധിക്കുന്ന സമയങ്ങളിൽ അൾത്താരയിൽ ചുറ്റിക്കറങ്ങുകയാണ് അദ്ദേഹത്തിന്റെ നേരം പോക്ക്. ഒരു ദിവസം ഞാനിതു കണ്ട് അൾത്താരയിലേക്കു ചെന്നു എന്നിട്ടു ചോദിച്ചു. അച്ചാ, അച്ചൻ ആരെയാണു നോക്കുന്നത്. കണ്ണുകൾ ആ ക്രൂശിതരൂപത്തിലേക്കു പതിപ്പിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു "ദേ നമ്മുടെ കർത്താവു കുരിശിൽ കിടക്കുന്നു. നമുക്കു വേണ്ടി അദ്ദേഹം മരിച്ചു." പിന്നെ ആരംഭിക്കുകയായി ഫ്രാൻസിസ് അസ്സീസിയെപ്പോലെ ഒരു ഉജ്ജ്വലപ്രസംഗം. എനിക്കൊന്നും വ്യക്തമായി മനസ്സിലായില്ല. പക്ഷേ എല്ലാമറിയുന്ന ദൈവത്തിനു മനസ്സിലായിട്ടുണ്ടാവും.

ഈ അസ്സീസിയെപ്പോലെ പതറാത്ത ഹൃദയത്തിന്റെ ഉടമയാകുവാൻ സാധിച്ചതിൽ അദ്ദേഹത്തിനഭിമാനിക്കാം. 1956-മുതൽ ഇന്നുവരെ അദ്ദേഹത്തിനു ഒരുപാടു ശിഷ്യൻമാരുണ്ടായിട്ടുണ്ട്.

ഒരു നലം തികഞ്ഞ റെക്ടറാണദ്ദേഹം. അച്ചൻമാരുടെ അസാന്നിധ്യത്തിൽ ബ്രീഫിങ് നടന്നുകൊണ്ടിരിക്കുന്ന നേരം. എല്ലാവരും ചിരിച്ചും സംസാരിച്ചും ഇരിക്കുന്നു. ഇതു കണ്ട ഡൺസ്റ്റനച്ചൻ എന്തോ ശക്തി കിട്ടിയപോലെ അദ്ദേഹം പറഞ്ഞു. "നിങ്ങൾ എന്തിനാ സംസാരിക്കുന്നത്?". ചങ്കിൽ കൊണ്ടപോലെയുള്ള ആ വാക്കു കേട്ടു ചിലർ ചിരിച്ചു. ചിലർ നിശബ്ദരായി. കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

രോഗികളോടുള്ള അദ്ദേഹത്തിന്റെ സമീപനം ദയനിറഞ്ഞതാണ്. ഞാൻ കാലിൽ അപകടം പറ്റി ആശുപത്രിയിൽ കിടക്കുകയായിരുന്നു. അപ്പോൾ അച്ചൻ എന്റെയടുത്തു വന്നു, എന്റെ ഹൃദയത്തെ കീഴടക്കി. എന്നെ ശുശ്രൂഷിച്ചു. അപകടം പറ്റിയ കാലിൽ തഴുകി കൊണ്ട് പറഞ്ഞു:- "കർത്താവു തരുന്ന സഹനങ്ങളാണ്. നമ്മൾ സന്തോഷത്തോടെ അവ സ്വീകരിക്കണം" എന്നിട്ട് ആ കാലിൽ കുരിശു വരച്ചു. കളിക്കുവാൻ പോലും സംശയമായിരുന്ന എനിക്കിപ്പോൾ അൽപമെങ്കിലും കളിയ്ക്കുവാൻ സാധിക്കുന്നുണ്ട്. ദൈവത്തിനു... നന്ദി.

Br. Blesson

എനിക്ക് ചിലതൊക്കെ

പറയാനുണ്ടേ .....



# ഞാൻ കണ്ട വിദ്വാൻ

ഞാൻ കണ്ടിട്ടുള്ള വൈദികരിൽ ഇത്ര പ്രായമുള്ള ഒരു വൈദികനെ ആദ്യമായാണ് അനുഭവിക്കുന്നത്. ഡൺസ്റ്റാച്ചൻ സി.എം.ഐ സഭക്ക് എന്നല്ല ലോകത്തിലുള്ള എല്ലാ അച്ചന്മാർക്കും ഒരു മാതൃകയാണ്. സ്നേഹത്തിന്റെ, അതിരുകടന്ന മാനസിക സന്തോഷത്തിന്റെ, പൂർണതയുടെ, ജീവിത ലാളിത്യത്തിന്റെ ഒരു മൂർത്തി-ഭാവമാണ് ഡൺസ്റ്റാച്ചൻ എന്ന് വേണമെങ്കിൽ പറയാം. ജീവിതത്തിൽ നിരാശയുടെ, സന്താ-പത്തിന്റെ കുഴിയിൽ വീണുകൊണ്ടിരിക്കുന്ന മനുഷ്യന് ഡൺസ്റ്റാച്ചൻ ഒരു പ്രതീക്ഷയുടെ, പ്രത്യാശയുടെ ഒരു കെടാവിളക്കാണെന്ന് എനി-ക്ക് തോന്നിയിട്ടുണ്ട്, കാരണം ജീവിതത്തിലെ കൊച്ചു കൊച്ചു വിഷമങ്ങളിലൂടെ കടന്നുപോ-കുമ്പോൾ ഇവിടെ എന്നെ സംബന്ധിച്ചിട-ത്തോളം ഡൺസ്റ്റാച്ചനെ കാണുമ്പോൾ അദ്ദേ-ഹത്തോട് സംസാരിക്കുമ്പോൾ എനിക്കില്ലാ-ത്ത ഊർജ്ജം അനുഭവിക്കുവാൻ സാധിക്കുന്നു. അദ്ദേഹത്തിന്റെ മാനസിക നിഷ്കളങ്കതയിൽ നിന്നും പകരുന്ന പ്രചോദനങ്ങൾ വല്ലാത്ത ആ-കർഷിക്കുന്ന ഒന്നാണ്. സ്നേഹം മതമായി മനുഷ്യർക്ക് പകർന്നു കൊടുക്കുന്ന ഡൺസ്റ്റാ-ച്ചൻ സ്നേഹത്തിന്റെ മറ്റൊരു ഭാവമാണെ-ന്ന് പറയാം.

അദ്ദേഹത്തിന്റെ ജീവിതത്തി-
ലേക്ക് ഒന്ന് കണ്ണോടിക്കുകയാണെങ്കിൽ ഒരു
യഥാർത്ഥ സന്യാസിയിൽ വിളങ്ങിയിരിക്കേണ്ട
ഗുണഗണങ്ങൾ എല്ലാം അദ്ദേഹത്തിലുണ്ട്
അദ്ദേഹത്തെ കണ്ടാൽ സ്നേഹിക്കാൻ കഴി-
യാത്ത ആരുമില്ല എന്നാണ് എനിക്ക് തോ-
ന്നുന്നത്. പാർശ്വത്തിലെ എല്ലാ ബന്ധന-
ങ്ങളെയും ഉള്ളിലൊതുക്കി മറ്റുള്ളവർക്ക് സ്വീകാര്യ-
നായി തന്നെത്തന്നെ ഇല്ലാതാക്കി ജീവിക്കുന്ന
അച്ചൻ സന്യാസികൾക്ക് എന്നും മാതൃകയാ-
ണ്. ഏകദേശം നാല്പതു വർഷം അ-
ദ്ദേഹം ഡോർകീപ്പർ പണിയിൽ ജോ-
ലി ചെയ്തു. എത്രയോ വൈദികരെ ലോക-
ത്തിന് സംഭാവന ചെയ്തു. ഒരു ചെറിയ
പെട്ടിയും അതിൽ ഏതാനും ഉടുപ്പുകളുമാ-
യി ജീവിതത്തിന്റെ ഭാഗ്യം അദ്ദേഹം
സ്വന്തം മക്കൾക്ക് കാണിച്ചു കൊടുത്തു. എ-
ന്നും ബൈബിൾ അദ്ധ്യാനിച്ചു കൊണ്ട്
ഒരു ഉത്തമ അദ്ധ്യാത്മികനായി അദ്ദേഹം
മാറി. അദ്ദേഹം ആരെയെങ്കിലും ഒരു ദിവസ-
ത്തിൽ വേദനിപ്പിച്ചിട്ടുണ്ടെങ്കിലോ, മറ്റുള്ളവർ
അദ്ദേഹത്തെ വേദനിപ്പിച്ചാലോ എല്ലാ-
വരെയും സ്നേഹിക്കുവാനുള്ള ഒരു വിശാല-
മായ ഹൃദയത്തോടെ ഉഴിക്കുന്ന അവർക്കു
വേണ്ടി പ്രാർത്ഥിക്കുന്ന ഡൺസ്റ്റനച്ചൻ ഇ-
ന്നത്തെ സമൂഹത്തിന് ഒരു മാതൃകയാണ്.

മറ്റൊരു പ്രത്യേക, പ്രാർത്ഥ-
നയോടുള്ള അദ്ദേഹത്തിന്റെ താൽപര്യമാണ്
ദിവസത്തിലെ ഭൂരിഭാഗം സമയവും പ്രാർ-
ത്ഥന മാത്രമായി ചിലവഴിച്ച ഡൺസ്റ്റനച്ചൻ

മറ്റുള്ളവർക്ക് കോൾബെയുടെ ജീവിതം പക-ർന്നു നൽകുന്നു. ഇപ്പോഴും ഈ പ്രായ ഘട്ട-ത്തിൽ പോലും കർത്താവേ എന്നെ സഹായി-ക്കണമേ, രക്ഷിക്കണമേ എന്ന് പറഞ്ഞ് കൊ-ണ്ട് കോൾബെയോടായി പള്ളിയിൽ ഇരിക്കുന്ന ഫ്രാൻസിസ്ച്ചൻ സന്യാസ ജീവിതത്തിന് ഉത്തമമാ-തൃകയാണ്. ആത്മദാനത്തിന്റെ മറ്റൊരു സം-തൃപ്തിയാണ് എന്തുകിട്ടിയാലും സന്തോഷത്തോ-ടെ സ്വീകരിക്കുന്ന ഒരു മനോഭാവം. ചാവറയ-ച്ചൻ പറയുന്നതു പോലെ "ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക അത് ന്യായമായ ആവശ്യങ്ങൾ കൊണ്ട് വർദ്ധിപ്പിക്കുക" ഫ്രാൻസിസ്ച്ചനെ സംബ-ന്ധിച്ചിടത്തോളം ഈ വാക്യം ജീവിതത്തിൽ അക്ഷരം പ്രതി സ്വീകരിച്ച വ്യക്തിയാണ്. ആ-രും ഇഷ്ടപ്പെടുന്ന അതേസമയം പെരുപ്പിക്കാത്ത ഒരു ജീവിത ശൈലിയാണ് പെരു. ഫ്രാൻസിസ്ച്ച-ന്റേത്.

മറ്റുള്ളവരെ ഉപദ്രവിക്കുന്ന-തായി നടിച്ചാൽ "അവനെ ഒന്നും ചെയ്യരുത്, നീ ശല്യക്കാരനാണ്, നീ നന്നായി ശിക്ഷി-ക്കണം എന്നെല്ലാം പറഞ്ഞ് സന്തോഷത്തോ-ടെ സ്വീകരിക്കുന്ന ഫ്രാൻസിസ്ച്ചൻ എന്നും സന്തോഷത്തിന്റെ വറ്റാത്ത ഉറവയായിരുന്ന-തിൽ സംശയമില്ല. അദ്ദേഹത്തിന്റെ മന-സ്സിന്റെ ഉള്ളിൽ നിന്നും വരുന്ന ഉപദേശ-ങ്ങൾ എന്നും സഭയിലെ വൈദികർക്ക് പ്രോത്സാഹനമായിട്ടുണ്ട്. ഫ്രാൻസിസ്ച്ചൻ ഇപ്പോ-ൾ ഒരു ചെറിയ കുട്ടിയെ പോലെ ആയി-രിക്കുന്നു. ചെറിയ കാര്യങ്ങൾക്ക് കണ്ണിൽ നിന്നും, കണ്ണുനീർ വരുന്ന സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ അടുത്ത് നിന്നാൽ ഏത് കഠിന ഹൃദയനും മനസ്സലിഞ്ഞു പോകും.

പാവങ്ങളെ സഹായിക്കുന്ന സഹായ മനസ്കതയുള്ള ബഹു. വർഗ്ഗീസച്ചന് ഇതിൽ പരം എന്ത് ശ്രേഷ്ഠതയാണ് ദൈവത്തിൽ നിന്ന് ലഭിക്കാനുള്ളത്.

ജീവിതത്തിൽ എന്തെങ്കിലും സംഭവിച്ചാൽ നാം എന്തെങ്കിലും അപരാധത്തോട് ബന്ധമായി കാണിച്ചാൽ പോലും നല്ല മനസ്സോടെ ഉൾക്കൊള്ളാൻ വർഗ്ഗീസച്ചന് സാധിക്കുന്നുണ്ട്. ഇതേ കാലത്തിൽ ഒരാളും പോലത്തിന്റേതായി ഒരു ദോഷവുമില്ലാതെ തെറ്റപ്പെടാതെ മറ്റുള്ളവരെ ഉൾക്കൊള്ളാൻ കഴിയുന്ന വർഗ്ഗീസച്ചൻ സമൂഹത്തിൽ ഒരു വിസ്മയം തന്നെ. യുവാവാണ് മനസ്സിന്റെ ഉടമ എന്ന് പറയുന്നതു പോലെ ആ യുവത്വം നോക്കി സമൂഹത്തിൽ തെറ്റപ്പെടുമ്പോൾ നമുക്ക് സാധിക്കുകയില്ല. നമ്മളെല്ലാവരും പണിയെടുക്കുന്ന സന്ദർഭങ്ങളിൽ പോലും ഈ പ്രായത്തിലാണ് അതിന് പറ്റാത്ത സഹായം ചെയ്യാൻ വർഗ്ഗീസച്ചന് മടിയില്ല. ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. എങ്ങനെയാണ് അച്ചൻ ഇങ്ങനെ ആയിത്തീർന്നത്. ചില സന്ദർഭങ്ങളിൽ ഇന്നും ഈ ചോദ്യത്തിന് എനിക്ക് ഉത്തരം ലഭിച്ചിട്ടില്ല.

ജീവിതത്തിൽ സഹിക്കേണ്ടി വന്നിട്ടും അധികം സഹനങ്ങൾ സന്തോഷത്തോടെ ഏറ്റെടുത്ത് ഇപ്പോഴും പ്രായത്തിന്റെ കൊച്ചുകൊച്ചു പ്രശ്നങ്ങളെ സന്തോഷത്തോടെ വർഗ്ഗീസച്ചൻ സ്വീകരിക്കുന്നു. പരമ്പരയിൽ കേന്ദ്രീകൃതമായ അദ്ധ്വാനത്തിന്റെ ജീവിതത്തിൽ ഇങ്ങനെ ഒത്തിരി കാര്യങ്ങൾ പഠിക്കുവാനുണ്ട്. വർഗ്ഗീസച്ചന്റെ അടുത്തുനിന്ന് വർണ്ണിക്കാനും പറയുവാനും അതിലേറെ പറയുന്നത് കേൾക്കുവാനും, പറയുന്നതിൽ മാത്രമല്ല സംശയമില്ലെങ്കിലും എല്ലാം

കേൾക്കുമ്പോൾ മാനസികമായ സന്തോഷം ലഭി-
ക്കുന്നു. ഇത്രയും പ്രായത്തിൽ പോലും ഞങ്ങ-
ളുടെ ഒപ്പം കളിക്കുവാൻ ഇറങ്ങുന്ന വല്യച്ചൻ
ഞങ്ങൾക്കൊരു പ്രോത്സാഹനമാണ്. ഒരു നവ
സന്യാസിക്ക് നോക്കുവാൻ ഒരു പ്രായമായ
ഒരു അപ്പനെ ലഭിക്കുക എന്നുള്ളത് ഒരു
ദൈവാനുഗ്രഹമാണ്. അദ്ദേഹത്തിന്റെ വി-
ശുദ്ധി നമുക്ക് എന്നും മാതൃകയാകട്ടെ.

Bro. Davis




നിങ്ങളെല്ലാവരും
ഈശോയെ
സ്നേഹിക്കണം ...

# ഉദയശോഭയും ഡെന്നിസച്ചനും പിന്നെ ഞാനും

ഈ Third Millanniumത്തിൽ ഏതൊരു വസ്തു എടുത്തു നോക്കിയാലും അതിൽ കാണാവുന്ന ഒന്നാണ് Expiry Date പക്ഷെ ഒരിക്കലും Expiry-Date വരാത്ത ഒന്നാണ് 'വിശുദ്ധൻ'. ആധുനികലോകം വിശുദ്ധിയെ പഴഞ്ചനെന്ന് കരുതുന്നു പക്ഷെ അവർ ഈ പരിശുദ്ധനെ കാണുകയാണെങ്കിൽ പിന്നീടൊരിക്കലും അവർ ആ വാക്കുകൾ ആവർത്തിക്കുകയില്ല.

വാഴ്ത്തപ്പെട്ട ചാവറപിതാവിനാൽ സ്ഥാപിതമായ C.M.I സഭയെ തന്റെ ജീവിത ശൈലിയാൽ ധന്യമാക്കിയ ഒരു അണിയറ പ്രവർത്തകനാണ് അല്ലെങ്കിൽ ഒരു പിന്നണി ഗായകനാണ് ഈ ഡെന്നിസച്ചൻ. രണ്ടു വർഷത്തെ സഹവാസം വഴിയായി എനിക്ക് അറിയാൻ കഴിഞ്ഞത് എത്രയോ തുച്ഛം! എങ്കിലും ആ തുച്ഛവും ഒരു സാഗരത്തോളം ഉണ്ട്.

അദ്ദേഹത്തിന്റെ ആ മായാത്ത പുഞ്ചിരി വിശുദ്ധിയെ വിളിച്ചറിയിക്കുന്നു. അദ്ദേഹത്തിന്റെ മുടികൊഴിഞ്ഞ ആ ശിരസിൽ വിശുദ്ധരുടെ ഛായചിത്രത്തിന് നൽകുന്ന വിശുദ്ധിയുടെ വലയം ദർശിക്കുവാൻ സാധിക്കും

അദ്ദേഹത്തിന്റെ സംസാരം, വാക്കുകൾ, ശരീര പ്രകൃതി താൻ എത്രമാത്രം സഭയോട് പ്രതിബദ്ധനായിരുന്നു എന്ന് വിളിച്ചറിയിക്കുന്നു

തന്റെ പരിശീലനകാലത്ത് താൻ സ്വീകരിച്ച് പരിപാലിച്ചിരുന്ന നല്ല ശീലങ്ങൾ ഈ ഓർമ്മ നഷ്ട-പ്പെട്ട വർഷങ്ങളിലും ഒരു നവസന്യാസിയുടെ ശ്രദ്ധ ദർശിത്വത്തോടെ ചെയ്യുന്ന ധർമ്മസ്ഥാനച്ചൻ. തന്റെ വാക്കുകൾ ആരുടെയെങ്കിലും മനസ്സിനെ മുറിപ്പെടുത്തി എന്ന് മനസ്സിലായാൽ സൂര്യനസ്തമിക്കുന്നതിനു മുമ്പേ ക്ഷമചോദിക്കുവാൻ വാതിലിൽ മുട്ടുന്ന ഒരു പുണ്യാളച്ചൻ. ആധുനികലോകം ഉപയോഗിക്കുവാൻ മടിക്കുന്ന 'മാപ്പ്' എന്ന പദം ഈ കർമ്മധീരന്റെ നാവിൽ ആവശ്യമുള്ളപ്പോഴെല്ലാം തടസ്സമില്ലാതെ പ്രവഹിച്ചിരുന്നു.

ഈ പ്രായത്തിലും തന്റെ നിസ്സഹായ അവസ്ഥ നന്നായി അറിഞ്ഞിരുന്ന ഈ അച്ചൻ സഹായത്തിനായി ഈശോയെ അനുനിമിഷവും വിളിച്ചിരുന്നു. പ്രാർത്ഥനാ ജീവിതത്തിൽ മുടക്കം വരുത്താത്ത ഉള്ള ഒരു പുണ്യ ജീവിതം. വി. കൊച്ചുത്രേസ്യായുടെ ഉത്തമഭക്തനായിരു-ന്ന അദ്ദേഹം 'ആദ്ധ്യാത്മിക ശിശുത്വം' വഴി ഈശോയുടെ മടിയിൽ കിടന്നുറങ്ങിയിരുന്നു

എന്നെന്നും വലിയ ഒരു മാതൃകയാണ് അദ്ദേഹം. ഓർമ്മ നഷ്ടപ്പെട്ടപ്പോഴും തിരു സക്രാരിക്കു മുമ്പിൽ മുട്ടുകുത്തി 'എന്റെ കർത്താവേ എന്നെ സഹായിക്കണമേ' എന്നുള്ള ആ വിനീത യാചന കേട്ടാൽ ഏത് കഠിന പാപിയുടെ ശിലാഹൃദയമാണ് ഉരുകാത്തത്

പ്രായം കൂടുമ്പോൾ ദേഷ്യം കൂടും വാശി വർധിക്കും തുടങ്ങി എണ്ണിയാലൊടുങ്ങാത്ത മനശാസ്ത്ര പഠനങ്ങൾ ഈ അച്ചനെ സംബന്ധിച്ചിടുത്തോളം ഒരു വലിയ തെറ്റാണ്. മുറിയിൽ ഉറങ്ങി വിശ്രമിക്കുകയാണെങ്കിലും 'ഗുരുവച്ചന്റെ കൂടെ പ്രാർത്ഥനക്ക് തുടക്കമായുള്ള' പിതാവിനും പുത്രനും ...... കേട്ടാൽ മതി അദ്ദേഹം പ്രാർത്ഥിക്കുകയായി

ദൈവത്തിന് നന്ദിപറയുന്ന ഈ രണ്ട് വർഷം അദ്ദേഹത്തോടൊപ്പം കഴിയാൻ കഴിഞ്ഞതിന് ഈ വാക്കുകൾ എത്രമാത്രം നിസ്സാരമാണെന്ന് മറ്റ് എല്ലാവരേക്കാളും എനിക്ക് നന്നായി അറിയാം

Bro. Dijo




ഉള്ളിലൊന്നു
ഈ
ബലി
വേദിയിൽ




ഞങ്ങൾ
ഒരുമിച്ച്
പഠിച്ചു.

ഡാൻസ്റ്റനച്ചാ
വയസ് എത്രയായെന്നാ
വിചാരം





ഞാൻ സ്വൽപം തിരക്കിലാണ്.



ഇതെന്താ മൽസരമാണോ ?




ഡൽഹിക്കാരച്ചാ നെല്ലിയല്ലേ ?

അങ്ങൾ മലർ ഇല്ലം നവസന്യാസഭവനത്തിലെ വല്യച്ചൻ. പ്രേഷിതകുടുംബത്തിന്റെ വല്യച്ചൻ. പ്രേഷിതപ്രവിശ്യയുടെ ഊർജ്ജസ്രോതസ്. ആരാണ് എല്ലാവരാലും പ്രശംസിക്കപ്പെടുന്ന ഈ വല്യച്ചൻ? ഫാ. ഡൺസ്റ്റൻ.

വല്യച്ചൻമാരെ കണ്ടിട്ടുണ്ടെങ്കിലും ഇത്രയ്ക്കും അടുത്ത് ഇടപഴകുവാനും ഒരേ സ്ഥലത്ത് താമസിക്കുവാനും ആദ്യമായി സാധിച്ചത് ഡൺസ്റ്റനച്ചന്റെ കൂടെയാണ്. ഡൺസ്റ്റനച്ചനെക്കുറിച്ച് പല അച്ചൻമാരിൽ നിന്നും അറിയുവാൻ സാധിച്ചിട്ടുണ്ടെങ്കിലും എന്റെ മനസ്സിൽ ഡൺസ്റ്റനച്ചൻ സ്വാധീനം ചെലുത്തിയ മനുഷ്യരാശിയിൽ പ്രയാസകരമെന്നു തോന്നുന്ന ചില കാര്യങ്ങൾ ഇവിടെ പങ്കുവയ്ക്കുവാൻ ശ്രമിക്കുന്നു.

ഡൺസ്റ്റനച്ചനെ പരിചയപ്പെട്ട് ഒന്നുരണ്ടു ദിവസങ്ങൾ കഴിഞ്ഞപ്പോൾ എനിക്കു ആദ്യമായി അദ്ദേഹത്തിൽ ദർശിക്കുവാൻ സാധിച്ചത് എളിമയുടെ ഒരു വ്യക്തിത്വത്തെയാണ്. തിരുവചനത്തിലൂടെ ഈശോ പറയുന്നുണ്ട്: "ഞാൻ വിനീതനും ശാന്തഹൃദയനുമാകയാൽ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ" ഈശോയുടെ ഈ വാക്കുകൾ തന്റെ ജീവിതത്തിൽ പൂർണ്ണമായും നിറവേറ്റുവാൻ നന്നായി പരിശ്രമിച്ച വ്യക്തിയാണ് ഡൺസ്റ്റനച്ചൻ എന്നു എനിക്കു പറയുവാൻ സാധിക്കും. കാരണം ഡൺസ്റ്റനച്ചൻ

തനിക്കു പ്രായമേറെയായിട്ടും ഓർമ്മക്കുറവുണ്ടായിട്ടും ഇപ്പോഴും തുടർന്നുകൊണ്ടുപോകുന്ന വിനയഭാവവും ശാന്തശീലതയും പ്രായമായപ്പോൾ കർത്താവു കൊടുത്ത അനുഗ്രഹമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. തന്റെ ജീവിതത്തിലദ്ദേഹം പ്രയത്നിച്ചു നേടിയെടുത്ത പുണ്യമാണത്. കർത്താവിന്റെ ആഹ്വാനം അനുസരിച്ച് ആ പുണ്യം നേടിയെടുത്തതാണ് ഡൺസ്റ്റനച്ചന്റെ വിജയം.

നാം എല്ലാവരും ഡൺസ്റ്റനച്ചനെ നോക്കിക്കൊണ്ട് പറയാറുണ്ട് "വിശുദ്ധനായ അച്ചൻ. ജീവിക്കുന്ന വിശുദ്ധൻ" എന്നൊക്കെ. എന്തുകൊണ്ടാണ് അച്ചനെ നോക്കി നമുക്കു പറയുവാൻ സാധിക്കുന്നത്? നമ്മിലുള്ള നല്ല മനസ്സിന്റെ ബാഹ്യമായ പ്രകടനമാണോ? മറ്റു അച്ചൻമാരിലേക്കും സഹോദരങ്ങളിലേക്കും നോക്കുമ്പോൾ അവർ വിശുദ്ധരാണ് സന്മനസ്സുള്ളവരാണ് എന്നു നമുക്കു തോന്നാറുണ്ടോ? ഒറ്റനോട്ടത്തിൽ ഡൺസ്റ്റനച്ചൻ വിശുദ്ധനായ അച്ചനാണ് എന്നു നമുക്കു പറയുവാൻ സാധിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ആ വിശുദ്ധിയുടെ സ്രോതസ് പ്രാർത്ഥനയാണ്. ചെറുപ്പം മുതലെ പ്രാർത്ഥനയാലും സുകൃതങ്ങളാലും ജീവിതം തിടപ്പെടുത്തിയതുകൊണ്ടാണ് ഇന്നും സുകൃതങ്ങൾ ഉരുവിടുവാനും തിരുസക്രാരിയുടേയും ഈശോയുടെ ക്രൂശിതരൂപത്തിന്റേയും മുമ്പിൽ പോയി പ്രാർത്ഥിക്കുവാനും അദ്ദേഹത്തിനു കഴിയുന്നത്. നവസന്യാസികളോടു ഉരുവച്ചൻ ഉപദേശിക്കാറുണ്ട്. നവസന്യാസകാലത്തു നൂറുശതമാനം പ്രാർത്ഥനയിൽ വളർന്നാൽ മാത്രമേ അച്ചനായി കഴിഞ്ഞാൽ പത്തുശതമാനമെങ്കിലും നിലനിർത്തുവാൻ കഴിയൂ. ഇങ്ങനെയെങ്കിൽ ഡൺസ്റ്റനച്ചന്റെ ജീവിതം കണ്ടുകൊണ്ട്

അദ്ദേഹത്തിന്റെ സന്യാസകാലത്തിലേയ്ക്ക് നമുക്കൊന്ന് എത്തി-
നോക്കുവാൻ സാധിക്കുമോ?

ഫൺസ്റ്റനച്ചന്റെ ജീവിതത്തിൽ നാം കാണുന്ന ഒരു കാര്യം കൂടി ഉണ്ട്. മറ്റുള്ളവരെ ഉപദ്രവിക്കുവാനെന്നല്ല ഒരു ഉറുമ്പിനെപ്പോലും നോവിക്കുവാൻ ഇഷ്ടപ്പെടാത്ത സ്വഭാവം. ഓർമ്മയിലെങ്കിൽ പോലും ആരെയും വേദനിപ്പിക്കുവാനനുവദിക്കാതെ നിഷ്കളങ്കമായ പുഞ്ചിരിയോടെ "അതു പാടില്ല" എന്നു പറയുന്ന ഫൺസ്റ്റനച്ചൻ.

തന്റെ അടുക്കൽ വരുന്നവരെ "ഈശോ നിന്നെ സ്നേഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് എളിയ വാക്കുകളിലൂടെ തന്റെ എളിയജീവിതത്തിലൂടെ ഈശോയിലേയ്ക്കടുപ്പിക്കുന്ന ഫൺസ്റ്റനച്ചൻ. അസ്വസ്ഥമായ മനസ്സോടെ കടന്നുവരുമ്പോൾ നിഷ്കളങ്കമായ പുഞ്ചിരിയിലൂടെ മനസ്സിനെ കുളിർപ്പിക്കുന്ന ഫൺസ്റ്റനച്ചൻ വളരെ നല്ല മാതൃക മാത്രമല്ല. യഥാർത്ഥത്തിൽ ഒരു വലിയ വിശുദ്ധൻ തന്നെയാണ്.

Bro. Girento

സന്ന്യാസിക്ക്

അഭ്യാസമാകാം....



# ഡൺസ്റ്റൺ എന്ന വല്ല്യച്ചൻ

"ഡൺസ്റ്റണെന്ന
ഞങ്ങളുടെ
സ്നേഹം
നിറഞ്ഞ
വല്ല്യച്ചൻ"

കഥ പറഞ്ഞ പഠിപ്പിച്ചവ-ട്ടേണ്ട അത്ഭുതമുണ്ടോ? ഏതാണ് എനിക്ക് ഓർമ്മയില്ല ഇനി അത്ഭുതമുണ്ടെങ്കിൽ പറയാം....

"കുടിയൊന്നുമില്ലാ തലയിൽ
എങ്കിലും ഉള്ള തലയിൽ
എന്തൊക്കെയോ ഉണ്ട്
ബുദ്ധിയോടെ, തെറ്റുകളിൽ
നടത്തമാണെങ്കിലോ
അതിവേഗം
നീണ്ട ളോഹയും
തൊപ്പിയും ധരിച്ച്
ആ പാതിരിയാം മറവിൽ ആരാണ്
അതാണ് നമ്മുടെ വല്ല്യച്ചൻ
ഇന്ദു മാത്രി അടുത്തുവരാറു
ചോദ്യം
സുഖമാണോ, വിശേഷമെന്തെങ്കിലും?
ചോദ്യം കേട്ടതേ ഞങ്ങളുടെ
കവിളിൽ
ഉമ്മവെയ്ക്കാൻ ആദ്യം തോന്നും
പിന്നെ പാർത്തുകൊണ്ടും
സന്തോഷ ഓർമ്മകൾ ആഴ്ന്നി-
റങ്ങിയ ആ നെഞ്ചിൽ

കാതോർത്തുവച്ചാൽ കേൾക്കാം
ഇതാരോ, ഇതാരോ എന്നൊക്കെ
ഇതാണ് നമ്മുടെ വർഗ്ഗീസച്ചൻ

ഓ വർഗ്ഗീസച്ചൻ വലിയ തിരക്കിലാണ് എന്താണ് തിരക്കിന് കാരണം? ദിവ്യബലി കൂടാൻ സമയമായ് പള്ളിയിൽ പള്ളിമേടയിൽ നിന്ന് സഹായിയുടെ കയ്യും പിടിച്ച് പോകുന്ന ആ പാതിരിയുടെ മുഖത്തേക്ക് നോക്കുന്നവർ ഭക്തി ഭാവം.... സൗമ്യം അങ്ങനെ
ആരാണീ വർഗ്ഗീസച്ചൻ?

---

ഇദ്ദേഹം പാലക്കാട്ടുകാരനാണ് ഒലിപ്പാറ പാലക്കാട് എന്ന നാമം നാവിൽ നിന്ന് പോകില്ല എന്നെപ്പോഴും. പെരുമ്പത്തിലെ വിശുദ്ധിയിൽ വളർന്ന ഇദ്ദേഹത്തിന്റെ ജീവിതത്തിൽ കൊച്ചു മേരി എന്ന പെങ്ങൾ പെണ്ണ് തന്നെ കൊച്ചു കഥകൾ വളരെ വ്യാപിച്ചിരുന്നത് വൈദികർ പറയുന്നു. പതിനേഴാം വയസ്സിൽ ബി.എം.എ ദേവ മാതാ പള്ളിയിൽ സന്യാസ വൈദികനായതിന് ശേഷം പട്ടം വിദേശത്തുള്ളപ്പോൾ കോയമ്പത്തൂർ പള്ളിയിൽ ചേർന്നു.
വർഗ്ഗീസച്ചന്റെ പ്രവർത്തന മണ്ഡലം

---

കുട്ടികളോടായിരുന്നു അദ്ദേഹത്തിന് താല്പര്യം; അതുകൊണ്ട് തന്നെ വിദ്യാർത്ഥികളുടെ പ്രിൻസിപ്പലായിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലം തൃശൂർ, കോയമ്പത്തൂർ, സേലം തുടങ്ങിയ പള്ളികളിലെ ശുശ്രൂഷ വൈദികരും അദ്ദേഹത്തിന്റെ ശിഷ്യന്മാ-

ത്തിൽ വളർന്നവരാണ്. അതു കൊണ്ട് തന്നെ ഒരു പാട് ശിഷ്യ സമ്പത്ത് അദ്ദേഹത്തിനുണ്ട്. കുട്ടികളെ സ്വന്തം മക്കളെ പോലെയാണ് അദ്ദേഹം കരുതിയിരുന്നതെന്ന് അദ്ദേഹത്തിന്റെ ശിഷ്യനായ പോൾ മുരിങ്ങാത്തേരിയച്ചൻ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. നല്ല ശിക്ഷണത്തിൽ വളർന്ന അദ്ദേഹത്തിന്റെ ശിഷ്യർ സദാ വിട്ടു പോയാലും അദ്ദേഹത്തെ തേടി വരാറുണ്ടായിരുന്നു. വിദൂരതയിൽ നിന്ന് അദ്ദേഹത്തിന്റെ കയ്യിൽ നിന്നും അനുഗ്രഹം വാങ്ങിക്കാൻ

ദൗർബല്യം

മടിയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രശ്നം. ഒരിക്കൽ അദ്ദേഹത്തിന്റെ ദേശത്തിൽ നിന്ന് ഒരു പ്രമാൺ വന്നു. പാൽ സർട്ടിഫിക്കറ്റ് ആണ് ചോദിച്ചു. പട്ടത്ത് സമ്മാനിച്ചുള്ള തന്നെയായിരുന്നു അദ്ദേഹം പറഞ്ഞു 'നാളെ തന്നെ പോയി അദ്ദേഹത്തിനോട് പറഞ്ഞിട്ടു വരാം' ഈ സന്ദേശം അറിഞ്ഞ് കോളേജിലാകെ ചിരിയലയായി. പക്ഷേ ദൈവം കൊടുത്ത ആ മടി അദ്ദേഹത്തിന് ഒരു തരത്തിൽ പറഞ്ഞാൽ വലിയൊരു അനുഗ്രഹമായിരുന്നു. അതോടൊപ്പം ഒരു സത്യം, അദ്ദേഹം ജീവിതത്തിൽ പുലർത്തിയിരുന്നില്ല.

King Maker, ഉം, കുമ്പസാരങ്ങളും

സത്യത്തിൽ സ്റ്റനപ്പൻ ഒരു King maker ആയിരുന്നു എന്നാണ് വൈദികർ പറയുന്നത്. പൊതുവിൽ മെത്രാന്മാരെ തിരഞ്ഞെടുക്കുമ്പോൾ അതിന് പറ്റിയ ആളെ തിരഞ്ഞെടുക്കാൻ ഇദ്ദേഹം പോല്

നിർദ്ദേശിച്ചിട്ടായിരുന്നു. അതു പോലെ തന്നെ പാലക്കാട് ബിഷപ്പ് തന്റെ ആവശ്യങ്ങൾക്കായ് തിരഞ്ഞെടുത്തത് ഡൺക്ലൂപുരനെയായിരുന്നു. ആ ജീവിത വിശുദ്ധി അദ്ദേഹത്തിന് നല്ലവണ്ണം അറിയാമായിരുന്നു.

ലളിത ജീവിതവും, കാഴ്ചപ്പാടുകളും

ചാലിച്ചതായിരുന്നു അദ്ദേഹത്തിന്റെ മുഖ മുദ്ര. അദ്ദേഹത്തിന്റെ വസ്ത്രധാരണമെല്ലാം അതിന് വലിയൊരു ഉദാഹരണമാണ്. ഒരു ചെറിയ പെട്ടിയിൽ ഉൾക്കൊള്ളുന്ന വസ്ത്രങ്ങളേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ. അതു പോലെ തന്നെ അദ്ദേഹം സന്യാസ വ്രതങ്ങളിൽ അടിയുറച്ചിരുന്നു.

ഞാൻ ഒരിക്കൽ അദ്ദേഹത്തിനോട് ചോദിച്ചു.

“ഇടവക അച്ചനാകുന്നതാണോ, ആശ്രമ അച്ചനാകുന്നതാണോ കൂടുതൽ നല്ലത്” അദ്ദേഹം പറഞ്ഞു. രണ്ടും നല്ലത് തന്നെ പക്ഷേ ആശ്രമത്തിലാണ് ഒന്നു കൂടി നല്ലത് അവന് കൂടുതൽ സ്നേഹം കിട്ടും. അതായിരുന്നു ഡൺക്ലൂപുരൻ. തനിക്കൊരു തെറ്റുപറ്റിയാൽ ഉടനെ അവരുടെ അടുത്ത് ചെന്ന് മുട്ടുകുത്തി ക്ഷമാപണം നടത്തുന്ന ഡൺക്ലൂപുരനെ ഞാൻ ഒരുപാട് പ്രാവശ്യം കണ്ടിട്ടുണ്ട്

പപ്പന്റെ റാഞ്ചിക ഒരു അനുഭവം

ഞാൻ നവ സന്യാസ പരിശീലനത്തിന് വേണ്ടി സാധനം പെട്ടിയിൽ അടുക്കുമ്പോഴാണ് അദ്ദേഹത്തെ കാണുന്നത്. ഒരു വയസ്സായ അച്ചൻ വരാന്തയിലൂടെ

എനിക്ക് അന്ന് വലുതായൊന്നും അറിവ് ഉണ്ടായിരുന്നില്ല; പിന്നീട് ഒരു ദിവസം ഉണ്ടായ ഒരു പുതിയ സംഭവത്തോടെ എന്റെ ജീവിത കാഴ്ചപ്പാടുകൾ മാറുവാൻ സഹായമായി. സംഭവം ഇതാണ്.

ഗുരുവച്ചൻ വരുന്നതും നോക്കി ഞങ്ങൾ ഗാനത്തിന്റെ ഹാളിൽ കാത്തിരിക്കുകയാണ്. ഡയറക്ടറച്ചനും ഉണ്ട്. അങ്ങനെ ഗുരുവച്ചൻ വന്നു. ഞങ്ങൾ സമ്മേളനം ആരംഭിച്ചു. പെട്ടെന്ന് ഡയറക്ടറച്ചൻ എഴുന്നേറ്റ് നിന്ന് എനിക്ക് സ്വല്പം പറയാനുണ്ട് എന്ന് പറഞ്ഞു. ഉടനെ അദ്ദേഹം കൈയിൽ ചുരുട്ടിക്കൊണ്ട് ഓരോ സഹോദരന്മാരെയും പറ്റി അഭിപ്രായം പറയുവാൻ തുടങ്ങി. എല്ലാവരെയും പറ്റി നല്ല അഭിപ്രായം പറഞ്ഞു.

എന്റെ ഊഴമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു "ഇവനൊരു പെരും കള്ളനല്ല ഒരു കൊച്ചു കള്ളനാണ്" സർവ്വരും അത് കേട്ട് ആർത്ത് ചിരിച്ചു. സത്യത്തിൽ അത് എന്റെ മനസ്സിൽ ഒരു വേദനയായി.

അന്ന് രാത്രി അത്താഴശേഷം കിടന്ന് ഞാൻ വേഗം ഉറങ്ങാൻ പോയി. മനസ്സിൽ മുഴുവൻ ഡയറക്ടറച്ചനോട് ദേഷ്യം തോന്നി. എന്നാലും അച്ചനത് പറയേണ്ടിയിരുന്നില്ല.

അങ്ങനെയിരിക്കുമ്പോഴാണ് അച്ചന്റെ സഹായി എന്നെ വന്ന്, ഇന്ന് അച്ചന്റെ കൂടെ കിടക്കണമെന്ന് പറഞ്ഞത്. വരുന്നത് ഞാൻ മനസ്സില്ലാമനസ്സോടെ ഡയറക്ടറച്ചന്റെ മുറിയിലെത്തി. അച്ചൻ ഇതിനകം ഉറങ്ങാനായി കിടന്നു. ഞാൻ വേഗം വന്ന്

പായ് വിരിച്ച് കിടന്നത്.

സമയം കടന്നു പോയപ്പോ-
ൾ സർജന്റും മുറിയിൽ നിന്ന് കടന്നു
പോയി ഇന്നത്താഴം അത്താഴത്തിനൊന്നില്ല. ഞെ-
ട്ടി ഉണർന്നപ്പോൾ ഉൾവശത്തെ മുറിയിലെ
ഫാ. പോളച്ചൻ വന്ന് വിളിച്ചപ്പോഴാണ്
ഞാനറിയുന്നത്. അദ്ദേഹം പറഞ്ഞു. ജെയ്സ്
വേഗം ഒന്ന് എഴുന്നേറ്റ് അച്ചൻ പറഞ്ഞത്
പ്രാഥമിക ആവശ്യങ്ങൾ നടത്തി വേഗം വാ.

പണിക്കാതെ അരിശം വന്ന
ഈ നടപ്പാക്കിയത് അദ്ദേഹം ചെയ്തു ഒരു
പാനിയെ ഞാൻ പൊന്നു നോക്കുമ്പോൾ
പാവപ്പെട്ടവന്റെ ചുരുളുകളുള്ള വെള്ളത്താം കൊടുക്കു-
ന്ന അച്ചൻ വൃത്തികേടാക്കിയിരിക്കുന്നു.

പോളച്ചൻ പറഞ്ഞു. ജെ-
യ്സ് ഒരു കാര്യം ചെയ്യ് കുറച്ച് വെള്ളമെടുത്ത്
ആ കല്ലറകളെ വൃത്തിയാക്ക്. അങ്ങനെ പറഞ്ഞി-
ട്ട് ഞങ്ങൾ കല്ലെല്ലാം വൃത്തിയാക്കി ഒടുവിൽ
അച്ചനെയും കുളിപ്പിച്ചു.

ഈ അവസരത്തിൽ എന്റെ
മനസ്സിൽ കുറെ വല്യചാർവാകരുടെ ഉപദേശങ്ങൾ
കടന്നു വന്നു. അവരുടെ നിസ്സാരതയെ എന്നെ
ചിന്തിപ്പിച്ചു. മുന്നിൽ നിൽക്കുന്ന സർജന്റി-
നെ പണിക്കപ്പോൾ ഒപ്പുന്നായ് തോന്നി.
യാതൊരു മടിയും കൂടാതെ അദ്ദേഹത്തെ
കുളിപ്പിച്ച് പുതിയ വസ്ത്രം ധരിപ്പിച്ചു.
ഇതൊക്കെയാണെങ്കിലും അദ്ദേഹത്തിന്റെ
മുഖം സന്തോഷവാനായിരുന്നു.

ഒടുവിൽ വീണ്ടും ഉറക്ക-
ത്തിലേക്ക് വഴുതി വീണു. എപ്പോഴോ എഴു-
ന്നേറ്റപ്പോൾ സർജന്റ് അടുത്തില്ല എനിക്ക്

പരിശോധനആയി ഞാൻ ഉടനെ അന്വേ-
ഷിച്ചപ്പോൾ അച്ചൻ താഴെയായ് മുട്ടുകുത്തി
പള്ളിയിലിരുന്ന് പ്രാർത്ഥിക്കുന്നു.

ഞാൻ അച്ചന്റെ അടുത്തേ-
ക്ക് കടന്നു ചെന്നു. അദ്ദേഹത്തിന്റെ കണ്ണു-
കളിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകുന്നു.
അദ്ദേഹത്തോടൊപ്പം ഇടറുന്ന ശബ്ദവും


ബോറായില്ലേ!
മുഷിഞ്ഞ് നാറി ബോറായില്ലേ.

എനിക്ക് തൊണ്ടയിൽ വാക്കു-
കൾ കുടുങ്ങി. ആ വിശുദ്ധനായ പിതാവിന്റെ
കയ്യും പിടിച്ച് തിരികെ മുറിയിലെത്തിയപ്പോ-
ൾ നെഞ്ച് പട പട അടിക്കുകയായിരുന്നു

ഞാനെന്റെ വല്യച്ചനെ തെ-
റ്റിധരിച്ചില്ലേ. ആ പാവനദേഹത്തിന്റെ കാ-
ല് പിടിച്ച് ഞാൻ മാപ്പിരന്നു.
കാരണം

അദ്ദേഹം
ഞങ്ങളുടെ
വല്യച്ചനാണ്

Bro. Jex



ഉദ്ദേശം പോയന്റിൽ
തന്നെ
വീഴണേ . . .



കളിയിൽ അല്പം
കാര്യം.

# വിശുദ്ധനായ സന്യാസി

ഡോൺസ്റ്റനച്ചനെന്ന വിശുദ്ധനായ സന്യാസ വൈദികനെക്കുറിച്ച് ഞാൻ എത്രകണ്ട് മനസ്സിലാക്കി ഇവിടെ വിവരിച്ചാലും അത് ആ ശ്രേഷ്ഠ വ്യക്തിത്വത്തിന്റെ യാഥാർത്ഥ്യങ്ങളോട് കിടപിടിക്കുന്നതല്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. എങ്കിലും എന്നെ സ്വാധീനിച്ച, സ്പർശിച്ച ചില സത്യങ്ങൾ ഞാൻ ഇവിടെ വിവരിക്കുന്നു.

## ഡോൺസ്റ്റനച്ചനെന്ന അത്ഭുതഗുരു

ഈ നോവിഷ്യേറ്റു ഭവനത്തിൽ വന്ന ഒരുവിധം അച്ചന്മാരെല്ലാം പറയുന്ന ഒരു കാര്യമാണ് അച്ചൻ അവരുടെ ഗുരുവായിരുന്നു എന്നത്. കേൾക്കുമ്പോൾ പലപ്പോഴും ഞാൻ അത്ഭുതപ്പെടാറുണ്ട് കാരണം പരിശീലകനെന്ന ആ സ്ഥാനത്ത് വളരെയധികം വർഷം ചിലവഴിച്ച ആ വസ്തുതയാണ്. ഒരു ജോലി അത് വളരെയധികം വർഷം ചെയ്യുമ്പോൾ മാനസികമായി മടുപ്പുണ്ടാകാം. അധ്യാപനം പോലുള്ള കാര്യങ്ങളിലും അത് സംഭവിക്കാം എന്നിരുന്നാലും അധ്യാപനത്തിലൂടെ കുട്ടികളുടെ സ്നേഹവും ബഹുമാനവും അദ്ദേഹത്തിന് ലഭിക്കുന്നു.

എന്നാൽ ഒരു പരിശീലകനെന്ന നിലയിൽ സാധാരണ കേൾക്കുന്ന ഒരു വസ്തുതയാണ് മറ്റുള്ളവരുടെ ശക്തി സമ്പാദിക്കും എന്നത്. എവിടെ പരിശീലനം (transformation) നടക്കണമോ അവിടെ ദേവന്മാരുടെ കൃപയിലൂടെ കടന്നുവരേണ്ടതായിട്ടുണ്ട്. പരിശീലകർ പറയുന്ന യാഥാർത്ഥ്യങ്ങൾ അംഗീകരിക്കാൻ സാധിക്കാത്തതുകൊണ്ടാണ് 'ശക്തി സമ്പാദിക്കുന്നു' എന്ന് പറയുന്നത്. ഇങ്ങനെയിൽ ഒരു പരിശീലകനായി, അതേ സമയം സൗമ്യനായി ഒരുവനിൽ മാറ്റം വരുത്താനുള്ള സ്വാധീനശക്തി അദ്ദേഹത്തിനുണ്ട് എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത.

അദ്ദേഹത്തിന്റെ ശിഷ്യന്മാരെല്ലാവരും തന്നെ പറയുന്ന ഒരു കാര്യമാണ് അച്ചൻ വിശുദ്ധനാണ് എന്ന്. ഉന്നതമായ കാലത്ത് ഒരു നല്ലവനായ് അത്രം ഇങ്ങനെയിലുള്ള സത്യം കേൾക്കണമെങ്കിൽ മരണം കഴിഞ്ഞ് കാത്തിരിക്കേണ്ടതാണ്. എന്നാൽ ഡൺസ്റ്റനച്ചനിലെ ഈ വൈരുദ്ധ്യം അദ്ദേഹത്തിൽ എന്തോ പ്രത്യേകതയുണ്ട് എന്നതാണ് വെളിവാക്കുന്നത്.

## ലാളിത്യം അഥവാ ദരിദ്രജീവിതം

ക്രിസ്തു ശിഷ്യനിൽ ഉണ്ടാകേണ്ട ഏറ്റവും മഹത്തരമായ പുണ്യങ്ങളിൽ ഒന്നാണ് ലാളിത്യം. ഡൺസ്റ്റനച്ചന്റെ മുറിയിൽ ചെന്നാൽ അദ്ദേഹത്തിന്റെ തുണിപ്പെട്ടികളും

അതിലെ കുറച്ചു വസ്ത്രങ്ങളും പിന്നെ അദ്ദേഹത്തിനെ കാണാൻ വരുന്നവർ കൊടുത്ത കുറച്ചു രൂപങ്ങളുമാണ്. ഈ ലാളിത്യം എനിക്കും, എല്ലാം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്കും അദ്ദേഹം ഉയർത്തുന്ന വെല്ലുവിളിയാണ്.

ഇന്നദ്ദേഹത്തോടു ചെന്ന് ആരെങ്കിലും ചോദിക്കുകയാണ് അവർക്ക് അദ്ദേഹത്തിന്റെ കണ്ണടയോ, ഉടുപ്പോ മറ്റോ കൊടുക്കുവാൻ. അദ്ദേഹം പറയും എനിക്കതു ആവശ്യമുണ്ട് എന്ന്. സത്യം തുറന്നു പറഞ്ഞ് അദ്ദേഹം നമ്മെ മനസ്സിലാക്കുവാൻ പരിശ്രമിക്കുന്നു. എങ്കിലും നാം വീണ്ടും അദ്ദേഹത്തോട് ആവശ്യപ്പെടുകയാണെങ്കിൽ അത് അദ്ദേഹം നിശ്ചയമായും തരും.

## അനുസരണത്തിന്റെ മാതൃക

ഓർമ്മയില്ലാത്ത ഈ അവസരത്തിൽ പോലും വിളിക്കുമ്പോൾ അവിടെക്കുചെല്ലുന്ന, ഇന്നതെല്ലാം ചെയ്യണമെന്നു പറഞ്ഞ് നിർദ്ദേശിക്കുമ്പോഴെല്ലാം കൃത്യമായി ചെയ്യുന്ന ഡൺസ്റ്റനച്ചൻ യഥാർത്ഥത്തിൽ ഒരു മാതൃകയല്ലേ. ഒരു വർഷം മുമ്പു വരെ എന്തുകാര്യം ചെയ്യണമെങ്കിലും (ഉറങ്ങാൻ കിടക്കണമെങ്കിലോ, കുളിപ്പിക്കണമെങ്കിലോ) rector അച്ചൻ പറഞ്ഞിട്ടാണ് എന്നു പറഞ്ഞാൽ മതി. അദ്ദേഹം 'Rector' എന്നു പറഞ്ഞ് ഉടനെ അനുസരിക്കു

മായിരുന്നു. ഓർമ്മയുടെ മിഴിച്ചെപ്പിൽ rector എന്ന വാക്ക് ഉടക്കികിടന്ന് മനസ്സിലാവാതെ വരുമ്പോഴായിരിന്നിരിക്കാം rector എന്ന് ഇപ്പോൾ പറയുമ്പോൾ എവിടെയോ എന്തോ 'ശക്തി' തിരിച്ചറിഞ്ഞ് rector. എന്ന് ആവർത്തിച്ച് പറയും.

## ബ്രഹ്മചര്യം

ഒരിടക്ക് നാടകസംബന്ധമായി സ്ത്രീയുടെ വേഷം ധരിക്കുവാൻ ഇടയായപ്പോൾ, അതായത് സ്ത്രീയെ ഭവനത്തിൽ കണ്ട ഡൺസ്റ്റനച്ചൻ കോപിച്ച് പുറത്താക്കുവാൻ ഒരുമ്പെട്ടു. ആദ്യം മാന്യമായി പള്ളിയിൽ കൊണ്ടുപോയി കാര്യങ്ങൾ മനസ്സിലാക്കുവാൻ 'സ്ത്രീയെ' ഉപദേശിച്ചു. അവൾ പോകാതെ വന്നപ്പോൾ ദേഷ്യപ്പെട്ട് അവളെ പുറത്താക്കുവാൻ അദ്ദേഹം ശ്രമിച്ചു. തന്റെയും സഹ സന്യാസികളുടെയും ഒക്കെ ഇപ്പോഴും അദ്ദേഹത്തിന്റെ മനസ്സിലുണ്ട്- ഈ ഓർമ്മയില്ലാത്ത അവസരത്തിൽ പോലും 'ശുദ്ധതയ്ക്ക് എതിരായി' ഒന്നും ചെയ്യാതിരിക്കുവാനുള്ള ആ മനോബലവും ദൃഢനിശ്ചയവും അദ്ദേഹത്തിനുണ്ട്.

## സഹനശീലം

അച്ചന്റെ ശരീരത്തിൽ എന്തു വേദന വന്നാലും അപാരക്ഷമയോടെയും സഹനത്തിലൂടെയും അത് കൈകാര്യം ചെയ്യും. ഒരിക്കൽ എങ്ങനെയോ കാൽ മുറിഞ്ഞ് ചോര വാർന്ന് ചെരുപ്പിലേക്കു ഒഴുകി-വരുന്നത് ഞാൻ കണ്ടു. ഉടനെ അച്ചനോട് ഞാൻ ചോദിച്ചു 'വേദനയുണ്ടോ' എന്ന്. 'സാരമില്ല'

എന്നായിരുന്നു എനിക്കു ലഭിച്ച മറുപടി. വേദന-യുള്ളപ്പോൾ ആരെങ്കിലും ചോദിച്ചാൽ സത്യം പറഞ്ഞുകൊണ്ട് അതായത് വേദനയുണ്ടെന്ന് വെളിപ്പെടുത്തുകയും അതോടൊപ്പം സാരമില്ല എന്നു പറയുകയും ചെയ്യുന്ന അദ്ദേഹം ഒരിക്കലും മറ്റുള്ളവരുടെ കാര്യത്തിൽ ഉദാസീനനല്ല. ആർക്കെ-ങ്കിലും എന്തെങ്കിലും വേദനയോ വിഷമമോ ഉണ്ടെന്ന-റിഞ്ഞാൽ ഉടനെ ഡോക്ടറുടെ അടുത്തേക്കു പോകാമെന്നു പറഞ്ഞ് ഇറങ്ങും.

## പ്രാർത്ഥിക്കുന്ന മനോഭാവം

അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വിശിഷ്ടമായ ഒന്നാണ് ഇത്. കാരണം വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ജീവചരിത്രത്തിൽ മനോവി-ഭ്രാന്തി ബാധിച്ചിട്ട് വിശുദ്ധ ആ സമയത്തിൽ തന്റെ ദൈവവുമായുള്ള അടുപ്പം വെളിവാക്കുന്ന വിധത്തിൽ പെരുമാറുമായിരുന്നു. അതായത് ബോധപൂർവ്വം നാം ചെയ്യുന്ന പ്രവൃത്തികൾ അത് അബോധാവസ്ഥ-യിലും പുറത്തുവരും. ഡൺസ്റ്റനച്ചൻ ഇടയ്ക്കിടെ കുരിശിന്റെ മുൻപിൽ നിന്നും മറ്റു സമയങ്ങളിലും "കർത്താവേ സഹായിക്കണേ", എന്നെ സ്നേഹിക്കണമേ എന്നിങ്ങനെയുള്ള സുകൃതജപങ്ങൾ ഉരുവിടുന്നത് നമുക്കു കാണുവാൻ സാധിക്കും.

ഗ്രോട്ടോയുടെ മുൻപിൽ നിന്നുകൊണ്ടും ചാവറപ്പിതാവിന്റെ രൂപത്തിന്റെ മുൻപിൽ നിന്നു-കൊണ്ടും പ്രാർത്ഥിക്കുന്ന അച്ചനെ എല്ലാവർക്കും കാണുവാൻ സാധിക്കും. ഒരു ദിവസം ഞാൻ

അബോധമനസ്സിൽ ഒളിഞ്ഞിരിക്കുന്ന ദുഃഖങ്ങൾ
നിരവധിയാണ്.

പോസ്റ്റുലൻസി പീരിയഡിൽ എന്റെ
ചേച്ചിക്ക് മാരകമായ കാൻസർ രോഗം പിടി-
പെട്ടു കിടക്കുന്ന അവസരത്തിൽ rectorഅച്ചൻ
പറഞ്ഞതുപോലെ ഞാൻ ഡൺസ്റ്റനച്ചന്റെ
അടുത്ത് പ്രാർത്ഥിക്കാൻ ചെന്നു. ഞാൻ എന്റെ
ചേച്ചിയെ പറ്റിയും രോഗത്തെ പറ്റിയും പറഞ്ഞ-
പ്പോൾ എന്തോ മനസ്സിലാക്കിയിട്ടെന്ന മട്ടിൽ
പള്ളിയിൽ വി. കൊച്ചുത്രേസ്യായുടെ രൂപത്തിന്റെ
മുന്നിലേക്ക് എന്നെ കൊണ്ടുവന്ന് പറഞ്ഞു. "ഞാൻ
നന്നായി പ്രാർത്ഥിക്കാം മരിച്ചു സംഭവിച്ചാലും
ഈശോയോടു വിഷമിക്കരുത്." മനുഷ്യന്റെ
ഹിതമാവില്ല ദൈവത്തിന്റേത്. അച്ചൻ മാനസിക-
മായി പ്രാർത്ഥിക്കാമെന്ന് എനിക്ക് അബോധാ-
വസ്ഥയിലാണെങ്കിലും ഉറപ്പുതന്നു. ദൈവ-
ഹിതത്തിനു വേണ്ടി എന്നെ ഒരുക്കി. ചേച്ചിയുടെ
മരണത്തിൽ വിഷമിച്ചിരുന്നപ്പോൾ ഡൺസ്റ്റനച്ചൻ
പറഞ്ഞ 'ഈശോയോടു വിഷമിക്കരുത്' എന്നത്
എന്നെ വളരെയധികം സഹായിച്ച സത്യമാണ്.

അച്ചൻ അബോധാവസ്ഥയിലാണെന്ന
പറഞ്ഞാലും അദ്ദേഹം എല്ലാവർക്കും വേണ്ടി
നന്നായി പ്രാർത്ഥിക്കുന്നുണ്ട്. Provincial അച്ചൻ
പറഞ്ഞ് നല്ലതു ചെയ്യുമ്പോൾ ഉണ്ടാകുന്ന
Positive waves അദ്ദേഹത്തിന്റെ ചുറ്റിലുമുണ്ട്.

ഇതായിരിക്കാം അച്ചനോടുള്ള

അച്ചനെ അന്വേഷിച്ചു വന്നപ്പോൾ കണ്ടത് ഭക്ത-രുടെ മുൻവശത്ത് വിരിച്ചിട്ടിരുന്ന ആലിലകൾ പെറുക്കി പുറത്തേക്കു കളയുന്നതാണ്. അബോ-ധാവസ്ഥയിലാണെങ്കിലും വിശുദ്ധമായ സ്ഥലങ്ങൾ വൃത്തിയോടെ സൂക്ഷിക്കണമെന്ന ഈ ചിന്ത ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നായിരിക്കാം വന്നത്.

## തെറ്റുതിരുത്തുന്ന ശീലം

ആരെങ്കിലും തെറ്റു ചെയ്യുന്നതു കണ്ടാൽ അതു തിരുത്തി കൊടുക്കുന്നതിന് അച്ചൻ പരിശ്രമിക്കും. സൗമ്യമായി അതു പറഞ്ഞു മനസ്സിലാക്കിത്തരുവാൻ അദ്ദേഹം ശ്രമിക്കും. പിന്നെ rector അച്ചനോട് തന്നെ, ബോധമനസ്സിൽ നിന്ന് ആ കാര്യം വിട്ടുപോയി-രുന്നാൽ തന്നെയും എന്തോ ദോഷപ്രവൃത്തി ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കി അദ്ദേഹത്തോട് പറയും.

ഞങ്ങൾ ഇവിടെ തമാശയ്ക്ക് അച്ചന്റെ ആ നിഷ്കളങ്കത കാണുവാൻ ചെയ്യുന്ന ഒരു സംഗതിയാണ് അച്ചന്റെ മുൻപിൽ വന്ന് ഒരുവനെ മർദ്ദിക്കുന്നത്. അടിയോ മറ്റോ കണ്ടാൽ അദ്ദേഹം ഓടി വന്ന് പറയും 'എന്താ-ണ് ഈ കാണിക്കുന്നേ, നിർത്ത്' എന്ന്. വീണ്ടും ആ പ്രഹസനം തുടരുകയാണെങ്കിൽ അദ്ദേഹം പറയും 'ക്ഷമിക്കുവാൻ'! ഇത്തരത്തിൽ അദ്ദേഹത്തിന്റെ ആർദ്രഹൃദയത്തിന്

കിടക്കുവാനും അദ്ദേഹം കഴിച്ചു ഭക്ഷണപാനം
കഷ്ടതകളെല്ലാം എല്ലാവരും ഉന്നതരാകുന്ന.
ഉണർത്തിച്ചും സ്വന്തം അപ്പൻമാരെപ്പോലും
നോക്കാൻ സാധിക്കാത്ത ഈ ലോകത്ത്. ഇത്
നിശ്ചയമായും അദ്ദേഹത്തിന്റെ വിശുദ്ധ ജീവി-
തത്തിന് ദൈവത്തിന്റെ ആവിയിലെ ബോദ്ധ്യമാണ്.

Bro. Jijo




ഇവരൊക്കെ എന്റെ ശിഷ്യൻമാരാ..



കുട്ടികളുടെ ഒപ്പം ഞാനും...

# ഗുരുനാഥൻ

സ്വന്തം ജീവിതമാതൃക കൊണ്ട് ഏവരെയും ആകർഷിക്കുന്ന വ്യക്തിത്വം. പറയുന്നതിനേക്കാൾ സ്വന്തം ജീവിതം കൊണ്ട് മറുപടി നൽകുന്നവൻ. ബൈബിളിൽ പറയുന്നതുപോലെ "വാക്കിൽ പിഴയ്ക്കാത്തവനും മറ്റുള്ളവർക്ക് ഒരേ മാതൃക നൽകാത്തവനും ഭാഗ്യവാൻ" ഡൺസ്റ്റനച്ചന്റെ ജീവിതത്തിലേക്ക് കടന്നു ചെന്നാൽ ഇതുപോലെയുള്ള ഒട്ടനവധി സവിശേഷതകൾ നമുക്ക് കാണാൻ സാധിക്കും

ഒരു മനുഷ്യവ്യക്തിക്ക് തന്റെ ആയുഷ്കാലത്ത് നേടിയെടുക്കാൻ പറ്റാവുന്ന ഗുണങ്ങളെല്ലാം തന്നെ തന്റെ ജീവിതകാലത്തിൽ നേടിയെടുക്കുവാൻ ആ പുണ്യാത്മാവ് തന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നതിന് തെളിവാണ് ഈ എൺപത്തിയാറാം വയസ്സിലും ഓർമ്മ നഷ്ടപ്പെട്ടിട്ടും അദ്ദേഹത്തിൽ വിളങ്ങി നിൽക്കുന്ന ഒട്ടനവധി ഗുണങ്ങൾ

എന്റെ ജീവിതത്തിലെ രണ്ട് കൊല്ലത്തെ അനുഭവം കൊണ്ട് ഞാൻ കണ്ട ഡൺസ്റ്റനച്ചനെ

കുറിച്ച് അൽപം കാര്യങ്ങൾ ഇവിടെ കുറിക്കുകയാണ് എന്റെ ജീവിതകാലത്തിൽ എനിക്ക് അനുഭവിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യമായി ഡൺസ്റ്റനച്ചന്റെ സാന്നിദ്ധ്യത്തെ കരുതുകയാണ്. ജീവിത വിശുദ്ധിയാലും മാന്യതയാലും ഏവരെയും സ്വാധീനിക്കുന്നതാണ് അച്ചന്റെ ജീവിതം

തനിക്ക് തെറ്റുപറ്റിയാലും ഇല്ലെങ്കിലും മറ്റുള്ളവർക്ക് വേദനിച്ചുവെന്ന് തോന്നിയിട്ടുണ്ടെങ്കിൽ അന്നേ ദിവസം ഉറങ്ങുന്നതിനു മുമ്പ് അവരോട് ക്ഷമ ചോദിക്കുന്ന അച്ചന്റെ എളിമയും സ്നേഹമനോഭാവവും എത്ര വർണ്ണിച്ചാലും മതിവരുമോ എന്ന് സംശയമാണ്. കാരണം എന്റെ ജീവിതത്തിൽ ഞാൻ മറ്റുള്ളവരെ വേദനിപ്പിച്ച അവസരങ്ങളിൽ അവരോട് ക്ഷമ ചോദിക്കുവാൻ അല്ലെങ്കിൽ അവർ എന്നെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അവരോട് സംസാരിക്കുവാൻ ഞാൻ വളരെ അധികം ബുദ്ധിമുട്ടുന്നു. പക്ഷെ ഡൺസ്റ്റനച്ചൻ അദ്ദേഹത്തിന്റെ ജീവിത വിശുദ്ധികൊണ്ട് മാത്രമാണ് ഇത്ര എളുപ്പത്തിൽ മറ്റുള്ളവരോട് ക്ഷമ ചോദിക്കുവാൻ അദ്ദേഹത്തിന് കഴിയുന്നത്

അതുപോലെ ഒരു യഥാർത്ഥ സന്യാസിക്ക് ഉണ്ടായിരിക്കേണ്ട ഒരു ഗുണമാണ് ധനമില്ലാത്തവസ്ഥ

ജീവിക്കുക എന്നത്. ഇന്ന് ഒട്ടുമിക്ക സന്യാസികൾക്ക് ഉള്ള സൗകര്യങ്ങളും പോരാത്ത ഇക്കാലത്ത് വളരെ Simple ആയി ജീവിക്കുന്ന എന്നത് സ്വർഗ്ഗസ്ഥ-ന്റെ വ്യക്തി പ്രഭാവം ഒന്നുകൊണ്ട് മാത്രമാണ്. അതുപോലെ തന്നെ തനിക്കുള്ള തെല്ലാം മറ്റുള്ളവർക്കായി നൽകുന്നതിലും സ്വർഗ്ഗസ്ഥന്റെ മനോഭാവം പ്രശംസനീയമാണ്. ഒരു അനുഭവം ഇവിടെ ചേർക്കുന്നു

ഒരു ദിവസം പുറമെ നിന്നുള്ള കുറെ കന്യാസ്ത്രീകൾ ആടുമേയ്ക്കുന്ന പറമ്പിൽ വന്നിരുന്നു. അവർ വേലിക്കരികിൽ നിന്ന് അച്ചനോട് മുരിങ്ങക്കായ ചോദിക്കുകയും ആ നിമിഷം തന്നെ അവരോട് മുരിങ്ങക്കായ പറിച്ചോളൂ എന്ന് പറയുകയും കുട്ടത്തിൽ നിന്ന് അവർക്ക് പറിച്ചുനൽകുകയും ചെയ്തു തനിക്കുള്ളതെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള അച്ചന്റെ സന്യാസ ചൈതന്യം നമുക്ക് ഇവിടെ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും

അതുപോലെ തന്നെ സന്യാസികൾ തന്റെ സന്യാസജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ മൂന്ന് വ്രതങ്ങൾ എടുക്കുന്നു. പലപ്പോഴും ഇന്നത്തെ ലോകത്തിൽ അതിന്റെ യഥാർത്ഥ ചൈതന്യത്തിൽ അനുസരിക്കുവാൻ ഇന്നത്തെ സന്യാസികൾക്ക് കഴിയു

നുണ്ടോ എന്നും അതിന് അവർ യഥാർത്ഥത്തിൽ പരിശ്രമിക്കുന്നുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു എന്നാൽ ഇതിനെല്ലാം ഉത്തമ ഉദാഹരണമാണ് ധർമ്മാനന്ദൻ

അദ്ദേഹത്തിന്റെ സന്യാസ ദാരിദ്ര്യചൈതന്യം ഞാൻ മുമ്പ് പറഞ്ഞുകഴിഞ്ഞു. അദ്ദേഹത്തിന്റെ അനുസരണം ഇതിൽ എടുത്തു പറയേണ്ട ഒന്നാണ്. തന്റെ അധികാരികൾ എന്നല്ല ആരുതന്നെ പറഞ്ഞാലും അതു ശരിയാണെങ്കിൽ ഒരു മടിയും കൂടാതെ ഈ പ്രായത്തിലും അദ്ദേഹം അനുസരിക്കുന്നു. തനിക്ക് ശരിയല്ല എന്ന് തോന്നുന്ന കാര്യങ്ങൾ തുറന്നുപറയുവാനും അത് മറ്റുള്ളവർ ശരിയല്ലയെന്നു പറഞ്ഞാലും തർക്കിക്കാതെ മൗനം പാലിക്കുവാനും കഴിയുന്നത് അദ്ദേഹത്തിന്റെ സന്യാസാനുസരണത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്നു.

മറ്റുള്ളവരോട് നന്നായി പെരുമാറുവാൻ അത് അവർ ഏത് രീതിയിൽ പെരുമാറിയാലും ശാന്തമായി ഇടപഴകുവാൻ അദ്ദേഹത്തിന്റെ കഴിവ് അവർണ്ണനീയമാണ്. ഇതിന് വളരെ അധികം ഉദാഹരണങ്ങൾ നമുക്ക് കാണുവാൻ കഴിയും. വരാന്തപ്പടിയിൽ അദ്ദേഹം സേവനം ചെയ്തുകൊണ്ടി

ഒരിക്കപ്പോൾ ഉണ്ടായ പ്രശ്നങ്ങളിൽ. ഇടവകജനങ്ങളിൽ കുറച്ചുപേർ അദ്ദേഹത്തെ വേദനിപ്പിച്ചു. എങ്കിലും അവരുടെ വീടുകളിൽ പോയി അവരുമായി സംസാരിക്കുവാനും ശാന്തമായി ഇടപെടുവാനും കഴിഞ്ഞു എന്നത് അദ്ദേഹത്തിന്റെ വിശുദ്ധിയുടെ അടയാളമാണ്

അദ്ദേഹത്തിൽ എളിമയും വളരെ അധികം സവിശേഷതകൾ കാണാമെങ്കിലും എന്നെ സ്പർശിച്ച ഒന്നുരണ്ടു കാര്യം ഇവിടെ ചേർക്കുന്നു. അദ്ദേഹം പ്രാർത്ഥനയുടേയും പരസ്നേഹത്തിന്റേയും ഉദാത്ത മാതൃകയാണ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഈ ഗുണങ്ങളെല്ലാം തന്നെ അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഫലമാണ്. ഇതിന് വ്യക്തമായ തെളിവാണ് അദ്ദേഹത്തിന്റെ എഴുപത്തിയാറാം വയസ്സിലുള്ള പ്രാർത്ഥനാ ജീവിതം

തനിക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ലെന്നും താൻ നിസ്സാരനാണെന്നുമുള്ള ഉറച്ച ബോധ്യവും ദൈവത്തിലുമുള്ള ഉറച്ച ആശ്രയത്വവുമാണ് അദ്ദേഹത്തിന്റെ 'ദൈവമേ രക്ഷിക്കണമേ, ദൈവമേ സഹായിക്കണമേ എന്നുള്ള ഹൃദയ സ്പർശിയായ പ്രാർത്ഥന തന്റെ ജീവിതത്തിൽ പാലിച്ചുകൾ പതിവിടുണ്ടെന്

തോന്നുന്ന അവസരങ്ങളിലെല്ലാം ക്രൂശിത രൂപത്തിന്റെ മുമ്പിൽ നിന്നുള്ള ഡൊൺസ്റ്റച്ചന്റെ പ്രാർത്ഥന അദ്ദേഹം വിശുദ്ധിയുടെ മനുഷ്യനാണെന്ന് വിളിച്ചോതുന്നു

ഇന്നത്തെ വൃദ്ധജനങ്ങളുടെ ഇടയിൽ ചെന്നാൽ നമുക്ക് കാണുവാൻ സാധിക്കുന്ന ഒരു കാര്യം അവർ തൊട്ടതിനും പിടിച്ചതിനും ദേഷ്യപ്പെടുന്നത്. രണ്ടാമതായി അവർ എല്ലാത്തിലും കുറ്റം കണ്ടുപിടിക്കുന്നവരാണ് എന്നാൽ തന്നെ മറ്റുള്ളവർ എന്ത് തന്നെ ചെയ്താലും പറഞ്ഞാലും അവരോട് ദേഷ്യപ്പെടാതെ സൗമ്യമായി അദ്ദേഹം പെരുമാറുന്നു അതുപോലെ ഞങ്ങൾ എന്ത് ജോലി ചെയ്താലും അത് നന്നായിരിക്കുന്നു എന്ന് പറഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന ഒരു നല്ല പിതാവിനെയാണ് ഡൊൺസ്റ്റച്ചനിൽ ഞാൻ കാണുന്നത്

തന്റെ ഈ പ്രായത്തിലും സമൂഹത്തോട് ഇഴുകി ചേർന്ന് പോകുവാനും, യാതൊന്നിലും പരാതി കൂടാതെ സന്തോഷത്തോടെ സ്വീകരിക്കുവാനും അദ്ദേഹത്തിന് സാധിക്കുന്നത് ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ക്രിസ്തുവിന്റെ അനുയായി ആയി ജീവിക്കുന്നതുകൊണ്ടാണ്

അവസാനമായി ദൈവം ദാനമായി നൽകിയ ഈ ജീവിതം അതിന്റെ പൂർണ്ണ അർത്ഥത്തിൽ

ജീവിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നുള്ള
താണ്. ജീവിതം വെറുതെ ജീവിച്ച് തീർക്കാനുള്ള
തല്ല അതിന് അൽപ്പം ഭംഗിയും അർത്ഥവും നൽ
കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതുപോലെ
തന്നെ തനിക്കു ലഭിച്ച മഹാദാനമായ ദൈവവിളി
അതിന്റെ പൂർണ്ണ അർത്ഥത്തിൽ ദൈവത്തോട് പൂർ
ണ്ണ വിശ്വസ്തത പുലർത്തിക്കൊണ്ട് ജീവിക്കുന്ന
ബെൻസ്നനച്ചൻ വാക്കുകളെക്കാൾ ജീവിതം കൊണ്ട്
മറുപടി പറയുന്ന ഒരു ധീരനായ വ്യക്തിയാണ്

ജീവിതത്തിലെ സഹനങ്ങളും, വേദനകളും
സന്തോഷത്തോടെ സ്വീകരിച്ചു മടികൊഴിഞ്ഞ
ശരീരത്തിൽ ചുളിവുകൾ വന്ന് നര ബാധിച്ച
അദ്ദേഹത്തിന്റെ ജീവിതവും സാന്നിധ്യവും നമുക്ക്
പ്രചോദനമാകട്ടെ

Bro. Jinto

ഉദയം

ഞങ്ങൾ

പിന്നിലുണ്ട്....



# The Person who I Love Most

## Introduction

Once in a night I saw a bright place. In that place I saw many people standing in white dress; then I understood it was heaven. Among the white dressed I figured out a man reciting "Lord Help us" "Lord save us". But soon after that I started feeling something hot, very hot around me. OH! Am I in hell Oh! NO! NO!; with a loud cry I got up from the sleep. Auh!; I was dreaming.

I got up from the bed, and I thought, Why I felt like this? Then my mind flashed back in the quest for that answer. Yes, I got it, I got the answer. I was helping that Holy Man, suddenly he started doing naughty things. As usual during bath time he does that but now it increased a little bit more. I suddenly became angry and said "Hey what you are doing". I spoke in a little harsh tone. Then Father started saying "Brother; I am very sorry! Forgive me". I angrily responded "What sorry; I will not forgive you, I don't want your sorry" after saying this I

left the room. It was with an angry face I left the room but he followed me with the face of an angel not leaving me at all but going on accommpanying me wherever I went. When I was going to bath after play he caught my hand and asked forgiveness but neither did I answer nor did I wait to hear any single word of his. Seeing this my brothers asked "Why are you doing like this? I said "simply". Any way he didnot give up this intention. After night prayers he came by my side and said "Brother forgive me, forgive me I am sorry". Those simple words of pardon struck my heart like an arrow. The pierce of it pained me deeply that I was not even able to sleep.

Then I started to meditate on him till my eyes closed. Was it not to a saint did I do all these. May God give him the blessing to be raised as saint and be elevated high like those were did in the Basclica of St Peter's.

A True Path to Jesus Prayer

His zeal for prayer is great. He will be the first person always to reach the Chapel. Rising up early in the morning faster than us his only thought is to come before the Eucharistic Lord. Before anyone sets their foot in the chapel he will done it first. The moment he reaches the chapel he will go and open the windows. In the night after prayers he himself will go and close it. Before he left a inspection will be done by him; it is whether he has them all closed or not.

We may think now whether there is anything good in it. Sometimes it may be a small thing for us in our sight but look, how much did he value for that small work.

Collecting Wood

Walking is a hobby for him. He never gets tired even though he knows he is old. Walking he would round the whole area with the help of his friend or his helper Ganesh. While walking he would collect small twigs and cocunut leaves; and with what he got he will come and give to the cook what all he has collected.

Fruits collection

He ~~was~~ is a man who loves nature very much. Flowers and fruits are always dear to him. He will always walk around the garden everyday. While walking he will look at the trees around and if any fruit catches his sight with haste he will go and pluck it. Collecting them in plenty he will give it to those whom he meets. But any way he will not forget to pass through the kitchen. Reaching there he will share with the cook also the fruits also the fruits he has collected. This Holy man never found time to eat any fruit he has collected. There will be in the fruits garden a particular tree always very dear to him; and once when I was working in the garden seeing this act of his I said to my friends "We need not look after that tree".

## Cleanliness

Once (I & Father) we were going to the hospital. When we entered the hospital gate we saw a stick on the road, it was really hindrance for us. But I didnot take that much seriously. When we both stepped there, seeing this Fr. Dunston took it and threw it away. This incident made me think alot. I never felt anything bad about it.

## Childs Heart

When he does anything wrong he will start crying. I am witness to these incidents of his. With tears he will say "OH! Father I have done a mistake, please help me". I examined myself even when he did a small mistake he cried tif then how much more in many instances when I made mistakes should I cry.

## A Great Lover of Community Life

Yes, he is a great lover of community life. He love for us is great and sometimes when he doesnot meet or see anyone in the house he will go on searching saying "Where are my childrens? Where are our fathers? When saying this an incident comes in my mind.

Father Dunston is not allowed to enter the 1st floor. One day Fr. Jose Paul came to take class on community class. Classes e prolonged in these 3 days he came, and so we used

have our lunch after 12:30. Oneday notseeing us for lunch he persisted to see us, but he was not allowed to go. He suddenly shouted "I want to see my children" and he pushed aside his helper Ganesh and came to our class. When Fr. Rector questioned about this Ganesh Uncle said " He (Fr. Dunston) said I want to see my children and I wasnot able to control him. Yes, this made us think that without us (community) he cannot live. Yes, a great lover of community life.

## A man of suffering

Sufferings were always the part of his life. He sufferred much but kept his faith. He never complained but kept his faith firm. His firm belief that God loves him helped him to grow in acceptance of his suffering. Sometimes teeth pain will affect him but, never did her complain anything about it. Once while sleeping he fell down and injured his head. ~~The~~ He instead of immersing in pain forgot everything about it and within a few minutes started smiling.

## A Devote Of Mary & The Eucharist

Rosary is his favourite prayer. During adoration he ~~used to~~ will kneel down the full one hour sometimes with the Rosary in his hands. When writing an incident comes in my mind. We used to call

Father every day before Rosary. Oneday when we saw him sleeping we didn't call him and instead, went to the Chapel to say the rosary. When we reached the second mystery he came to the Chapel and started asking "Why you didn't call me? You should not have done this. Whenever he gets time he will go and stand before the altar. Then he will go to the crucifix and raising his hands he will start praising God singing beautiful songs which has good meaning and it will be mostly in Syrian style. One night before going to sleep he said to me "This night I want to spend some time with my Lord". He spoke to me like a mystic.

## Memory Power

He has more memory power than any one because he will never forget to say sorry or will he do to say thanks. He has no memory power to remember his crosses or the burdens he had but, he has no memory power to remember his pains and sorrows; and because of it he looks always happy. While men dream and dig always their own sorrows he has neither the ability to dream about it or even think about; any way this lacking of his is the strength behind his cheerful face. But sometimes grief also were expressed in his face.

Some times when old memories comes in his mind he will start crying. Crying he will say "I want to see my sister Thresia; She was very good to me and used to correct me whenever I made mistakes but now I am not able to see her, she used to tell me a lot of stories";

being a personal witness to this I express here my words also about I responded to it. Whenever in my mind ~~these~~ this incident came through, unknowingly tears used to fall down from my eyes. And do you want to know what he did after saying that incident to me, he started laughing, crying and smiling. Those emotions which he expressed were coming like a film real moving ~~over~~ through the projector.

Conclusion

If this holy man was in an European continent he would have been known as the 2nd Padre Pio. We don't need to search for books to medidate on but instead observe his life and meditate on it.

LORD HELP US

LORD SAVE US

THE END

Bro. Jose



തിന്നാൽ മാത്രം പോരാ
നന്ദി ചൊല്ലുകണം



സൗഖ്യ മാണോ? മാ- --



[illegible]

[illegible]

[illegible]

വിശേഷങ്ങൾ.





ജോബിന്റെ ദൈവഭക്തിയും, പരി-
ത്യാഗവും, ധൈര്യവും കണ്ട് കോപം പൂണ്ട്
ദൈവത്തിൽ നിന്ന് അനുവാദം യാചിച്ച് വാങ്ങി,
ജോബിനെ പരീക്ഷിച്ച് തോറ്റ് വാലും മടക്കി ഓടി-
യൊളിച്ച സാത്താൻ അതാ, വീണ്ടും തന്റെ കുടില ബു-
ദ്ധിയുമായി സ്വർഗ്ഗ കവാടം കടക്കുന്നു. ഇപ്രാവശ്യത്തെ
വരവിന്റെ ഉദ്ദേശ്യം; സന്യാസ ഭവനങ്ങൾ ആത്മായി ചെ-
ലിച്ച്, ദൈവ സ്നേഹത്തിലും, പരസ്നേഹത്തിലും, എ-
ളിമയിലും, പ്രാർത്ഥനയിലും, ത്യാഗ മനോഭാവത്തിലും
വളരുന്ന ഒരു സന്യാസ വൈദികനെ പരീക്ഷിക്കണം.
ആ വൈദികനെ തോൽപ്പിച്ചേ തീരൂ: കാരണം ആ
വൈദികൻ മൂലം സാത്താന് നരകത്തിൽ തന്റെ
സിംഹാസനത്തിൽ ഉറച്ച് ഇരിക്കുവാൻ സാധിക്കു-
ന്നില്ല. ദൈവം അവന് ആ വൈദികനെ പരീ-
ക്ഷിക്കുവാൻ അനുവാദം കൊടുത്തു. ദിവസങ്ങൾക്ക്
ശേഷം നരകത്തോട് മല്ലടിച്ച്, വാലും ചുരുട്ടി
തന്റെ ആവാസം മാറുന്ന സാത്താനെയാണ് മാലാ-
ഖമാർ കാണുന്നത്. ആരാണ് സാത്താനെ ഇത്ര
വിധത്തിൽ പരാജയപ്പെടുത്തിയത് എന്നറി-
യാൻ മാലാഖമാർ ഭൂമിയിലേക്ക് എത്തിനോക്കി.
അപ്പോൾ അതാ ഉപവസിച്ചും പ്രാർത്ഥിച്ചും സഭയി-
ലെ ഒരു വൈദികൻ എളിമയാൽ തലകുനിച്ച് ധ്യാ-
ന നിരതനായി ഇരിക്കുന്നു. ആരാണ് അദ്ദേഹം?
മാലാഖമാർ പരസ്പരം ചോദിച്ചു. അപ്പോൾ
വാ. ചാവറപ്പിതാവ് അദ്ദേഹത്തെപ്പറ്റി പറ-
ഞ്ഞു അതാണ് 'ബ. ഡൺസ്റ്റനച്ചൻ'

അങ്ങനെ ഡൺസ്റ്റനച്ചൻ ജീ-
വിച്ചിരുന്ന ഒരു വിശുദ്ധനാണ്. വിശുദ്ധന്മാരുടെ
ജീവ ചരിത്രങ്ങളും, പുസ്തകങ്ങളും വായന-
യിലൂടെ മാത്രം അറിഞ്ഞ എനിക്ക് അതെല്ലാം
ദർശിക്കുവാൻ സാധിച്ചത് ഈ പിതാവിലാണ്.
അദ്ദേഹത്തിന്റെ എളിമയും, പ്രാർത്ഥനയും

ഒന്നു ഉദ്ഘാടനവും ആഘോഷം തന്നെ വേണ്ടെന്നുവെപ്പി-
ച്ചിരിക്കാരനായ പണിക്ക് ഈ വിരുന്നിനെപ്പറ്റി ആ-
ദ്യമേ തന്നെ ആരാധകന്മാർ പറഞ്ഞ് ഇക്കാ-
ര്യം അറിയാൻ സാധിച്ചിരുന്നു. അതായത്
പിതാവ് മെത്രാനായിരുന്ന കാലത്ത് വെഞ്ചെ-
രിപ്പിച്ച ആലയത്തിനായി ഒരു ഗോപുരം പണി-
യുന്നതിന് ആവശ്യ സംഖ്യ തികയാതെ പോകാം
പള്ളിയുടെ അടുത്ത് തന്നെ സ്ഥലം വാങ്ങിച്ചു.
പിന്നീട് അന്നാട്ടിലെ കുറെ പ്രമാണികൾ
ഗോപുരത്തിന്റെ പണിയേണ്ടത് ആവശ്യ പള്ളിയിൽ
നിന്നും അകലെയാവണം എന്ന് പറഞ്ഞ്
പിരിവെടുപ്പ് പതിനേ നിർത്തി. വീണ്ടും
ആവശ്യ സംഖ്യ കൂടി ചേർച്ച ചെയ്തു: തിരുമാ-
നം പടുത്തു തന്നെ. ഇതിൽ കുപിതരായ
ആ പ്രമാണികൾ പല ഭീഷണികൾ മുഴക്കി
പിതാവിനെതിരെ ചെയ്തു. എങ്കിലും പിതാവ്
അവയെല്ലാം സഹിച്ച് ഒരു അക്ഷരം പോലും
തന്റെ ഭാഗം ന്യായീകരിക്കുവാൻ മിണ്ടിയില്ല.
ഒടുവിൽ തെറ്റ് മനസ്സിലാക്കിയ ആ പ്രമാണി-
കൾ പിതാവിന്റെ മുമ്പിൽ മാപ്പിരന്നു. പി-
താവ് അവരോട് ക്ഷമിച്ചു. എല്ലാ വർഷവും
പിതാവ് ഈ പ്രമാണികളെ അവരുടെ
ഭവനങ്ങളിൽ പോയി സന്ദർശിച്ചിരുന്നു.

പിതാവിന്റെ ശിഷ്യന്മാരായ
വൈദികന്മാർ ഇപ്പോഴും ബഹുമാനത്തോടെ പിതാ-
വിനെ കുറിച്ച് സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.
എന്താണ് ഇതിന് കാരണം? ഒടുവിൽ ഞാൻ
അത് അന്വേഷിച്ചറിഞ്ഞു. ഒരു ദിവസം ഞാൻ
അദ്ദേഹത്തിന്റെ കൂട്ട് കിടന്നപ്പോൾ, പാതി-
രാത്രി ഒരു ശബ്ദം കേട്ട് ഉണർന്നപ്പോൾ
'അൾത്താരയിലെ കുരിശിലേക്ക് നോക്കി രണ്ട്
കൈകളും വിരിച്ച് പിടിച്ച് "കർത്താവേ എന്നെ
രക്ഷിക്കണമേ, കർത്താവേ എന്നെ സഹായിക്കണ-
മേ" എന്ന് പ്രാർത്ഥിച്ച് മുട്ടുകുത്തി നിൽക്കുന്ന

ഒരിക്കൽ ഉറക്കം കെട്ട്
കിടന്നപ്പോൾ ഞാൻ മുറി പൂട്ടി (കാരണം രാ-
ത്രിയിൽ പിതാവ് പുറത്തേക്ക് പോയി വി-
ളിച്ചാൽ ഇടയുണ്ട്) ഇത് കണ്ട പിതാവ് രണ്ട്
തവണ ഒരിക്കലും ഒരു അടച്ചിട്ട മുറിയിൽ ഇ-
രിക്കുമ്പോൾ പാടില്ലെന്നും. ഇടക്കാലം
ഒരു സന്യാസിയും പ്രവർത്തിക്കുന്നതാണ്
പറഞ്ഞ് കൊണ്ട് വാതിലിന്റെ ഒരു പാളി
തുറന്നിടാൻ പറഞ്ഞു. എന്നാൽ ഞാൻ
അത് സമ്മതിക്കാതെ കിടന്നുറങ്ങി. രാത്രി നേരം
കഴിഞ്ഞ് മുറിയുടെ വാതിൽ അദ്ദേഹം തു-
റക്കുമ്പോൾ പൊട്ടിക്കുന്ന ശബ്ദം കേട്ട്
ഉണർന്ന് നോക്കിയപ്പോൾ ഞാൻ പിതാവിനെ
കിടക്കയിൽ കിടക്കുമ്പോൾ പറഞ്ഞിട്ട് ഒരു അ-
ടിച്ചു. ആ അടി വഴി നല്ല വേദന പിതാവ് അ-
നുഭവിച്ചു. ആ വേദനക്കിടയിലും 'ഇതൊക്കെയെ'
എന്ന് പറയുക മാത്രമാണ് ചെയ്തത്,
തെറ്റ് മനസ്സിലാക്കി മാപ്പ് ഇരന്നപ്പോൾ അത്
സ്വീകരിച്ചതും, എന്നെ ആശ്വസിപ്പിക്കുകയും
ചെയ്തു.

ദാരിദ്ര്യം, വൈഷമ്യം, അപ-
മാനം എന്നിവ പിതാവ് ക്ഷമയോടെ നേ-
രിട്ടിരുന്ന അതും തീരെ ഓർമ്മിക്കാത്തപ്പോൾ
പോലും. ഒരു ദിവസം ഞാൻ അത് പഠി-
ക്കുമ്പോൾ അദ്ദേഹത്തിനോട് വളരെ ബുദ്ധി-
മുട്ടുള്ള ഒരു കാര്യം ചെയ്യാൻ 'അനാവശ്യമായ
വചനം വഴി ആവശ്യപ്പെട്ട് പക്ഷേ ഒരു ശാന്ത-
ശീലനായ എന്റെ വാക്കുകൾ അദ്ദേഹം
അതേ പടി അനുസരിക്കുകയും ചെയ്തു.
അതു പോലെ അദ്ദേഹം

തെറ്റായ കാര്യങ്ങൾ ആര് തന്നെ ചെയ്താലും
അത് തെറ്റാണെന്ന് സമൂഹത്തിന്റെ മുമ്പിൽ
പറയുമായിരുന്നു. അതു പോലെ താൻ
ചെറിയ തെറ്റ് ചെയ്താലും ആരുടെ മുമ്പിലും,
ഏത് സമൂഹത്തിലും വെച്ച് ഞങ്ങളോട്
അപ്പോഴും മാപ്പ് ചോദിക്കുമായിരുന്നു. കുട്ടി-
കളത്തി അവന്റെ വൈഭവത്തി കൊണ്ടാണ്
പിതാവ് അങ്ങനെ ചെയ്തിരുന്നത്.

അത് പോലെ തന്നെ അ-
ഭിമാനത്തിന്റെ കുറവ് വെച്ച് കൊണ്ടുള്ള
ആശയിൽ പോലും ദൈവ ഭക്തി പ്രകടിപ്പിച്ചി-
രുന്നു. ഒരു ദിവസം രാവിലെ പള്ളിയിൽ
ഒരു വണ്ടി വാങ്ങിച്ചു. മറ്റ് ഒരാളുടെ കയ്യി-
ൽ നിന്നും വാങ്ങിയതായിരുന്നു. ആൾക്കാര
അതിൽ യാതൊരു വിധ കുഴപ്പും ഒന്നു പിടി-
ക്കുവാൻ സാധിച്ചില്ല; 'എന്നാൽ യഥാർത്ഥ-
ത്തിൽ അതിന്റെ ഉടമ ഞങ്ങളെ പറ്റി-
ക്കുകയായിരുന്നു കാരണം ആ വണ്ടി അപ-
കടത്തിൽ പെട്ട്; നന്നാക്കി പുതിയ പെ-
യിന്റ് അടിച്ച് ഞങ്ങൾക്ക് തരുകയായിരുന്നു'.
ആശ്ചര്യത്തിൽ നിർദ്ദേശം ചോദിക്കാം പിതാ-
വ് വണ്ടിയുടെ ബോണറ്റിൽ കൂടിൽ വെച്ചു.
ഉടനെ തന്നെ ബോണറ്റ് തുറന്നു ഡ്രൈ-
വർക്ക് അത് അടക്കുവാൻ സാധിച്ചില്ല.
ഒടുവിൽ കമ്പനിയുടെ വണ്ടിയുടെ പണിക്കാ-
ർ വന്ന് പരിശോധിച്ചപ്പോൾ സത്യം
മനസ്സിലാക്കുകയും ചെയ്തു.

ഓർമ്മയിരുന്നപ്പോൾ പോ-
ലും, തന്റെ ജോലികൾ മുടങ്ങാതെ കൊണ്ട്
ചെയ്യിക്കാതെ നോക്കിയിരുന്നു. എന്നെ കൂടാ-
രെയാണിയായിരുന്ന പിതാവ് കിടപ്പ് ബുദ്ധിമുട്ടുകളും


ഞങ്ങൾ പതിനെട്ടുപേരാണ് കാണുമ്പോൾ ഞ-ങ്ങളെ ബഹുമാനിച്ചിരുന്നു. അത് പോലെ കിടപ്പിലായിരുന്നപ്പോൾ പോലും കൃത്യമായി പള്ളിയിൽ ചെന്ന് പ്രാർത്ഥിക്കുമായിരുന്നു.

പ്രാവുകളോട് പിതാവ്-ക്കുന്ന. കാണിച്ചിരുന്ന വളരെ ഉദാരതയുണ്ട്-ൾ പറയുന്നതെങ്കിലും ഒരു മാത്രം പറയുന്നു ഞാൻ പിതാവായിരുന്ന കാലത്ത് പാവപ്പെ-ട്ട അനാഥരായ ബാലന്മാർക്ക് ആശ്രമത്തിൽ നിന്നും ഭക്ഷണം നൽകിയിരുന്നു ഇപ്പോഴും എന്റെ അപ്പച്ചനും ഭക്ഷണം ലഭിച്ചിരു-ന്നതായി അപ്പച്ചൻ എന്നോട് പറഞ്ഞി-ട്ടുണ്ട്

മാതൃകാപരമായ സിവിൽ നിയ-മങ്ങളും അപ്പച്ചൻ കൃത്യമായി പാലിച്ചിരുന്ന ഒരു വൈദികന്റെ അനുഭവ സാക്ഷ്യം ഞാൻ ഇവിടെ കുറിക്കുന്നു "ഇദ്ദേഹം ഒരു സാവി-സ് ആയി ഇരുന്നപ്പോൾ കാട്ടിൽ നിന്നും ഒരു മയിൽ ആശ്രമത്തിൽ വരുകയും, ആ-ശ്രമ വാസികൾ അതിനെ പിടിച്ച് വളർ-ത്തുവാൻ കൂട്ടിൽ അടക്കുകയായിരുന്നു. വിവ-രം കേട്ട് അറിഞ്ഞ് എത്തിയ പിതാവ് കോപിതനായി അവരോടായും ദൈവസൃഷ്ടി-ക്ക് സ്വാതന്ത്ര്യമുണ്ടെന്ന് പറഞ്ഞ് അതിനെ തുറന്ന് വിടുകയും ചെയ്തു."

വെറും രണ്ട് വർഷത്തെ അനുഭ-വങ്ങളാണ് ഞാൻ ഇവിടെ കുറിച്ചത്. എ-ന്നാൽ എന്റെ അനുഭവങ്ങൾ എല്ലാം ഉ-പരിയാണ് ബ. വർഗ്ഗീസച്ചൻ. ഇതിൽ യാ-തൊരു വിധ തർക്കവും ഇല്ല.

Bro. Praveen


ഞങ്ങൾ കണ്ട

# ഉള്ളത്തിലെ താരം.

ഞാൻ കണ്ട ഡൺസ്റ്റനച്ചൻ
പ്രാർത്ഥനയുടെയും, ധ്യാനത്തിന്റെയും, ദിനാധ്യാ-
നത്തിന്റെയും നന്മയായ ഒരു വ്യക്തിയായിട്ടാണ്.
എല്ലാവരെയും സ്നേഹിക്കുകയും സഹായിക്കുകയും
ചെയ്യുന്ന ഒരു നല്ല സമരിയാക്കാരന്റെ മനോഭാവം.

എല്ലാവരിലും നന്മകൾ കാണുവാൻ
കഴിയുന്ന നല്ലൊരു ഹൃദയം. അച്ചന്റെ പുഞ്ചിരി
തൂകിയ ചിരി ആരെയും ഒന്ന് ആകർഷിക്കുന്ന ചിരി
ഒന്നാണ്. ഞാൻ ഒരിക്കൽ കൂടെ നിൽക്കുകയായിരുന്ന
brothers കളിക്കുന്ന സമയത്ത് എന്റെ അടുത്തു
വന്ന ball ഞാൻ എടുത്ത് അവർക്ക് കൊടുത്തു
അപ്പോൾ അച്ചൻ പറഞ്ഞ ഒരു കാര്യം നീ
ഒരു നന്മ ചെയ്തു എന്നത്.

അച്ചൻ മറ്റുള്ളവരെ സഹായിക്കാൻ
കഴിയുന്നത് ചെയ്യുന്ന ഒരു മനോഭാവമുണ്ട്.
നാം ജോലികൾ ചെയ്യുമ്പോൾ വന്ന് സഹായി-
ക്കാൻ കഴിയുന്നത് ചെയ്യുന്ന ഒരു മനോഭാവമുണ്ട്.
നാം ജോലികൾ ചെയ്യുമ്പോൾ വന്ന് സഹായിക്കു-
വനായിട്ട് ലഭ്യം. നല്ല നല്ല ഉപദേശങ്ങൾ തരും.
മാതാവിനോട് എപ്പോഴും സഹായങ്ങൾ യാചിക്കും.
കൂടാതെ വളരെ ലളിതമായ ജീവിതശൈലി അത്
നമുക്ക് ഒരു മാതൃക തന്നെ. മിതമായ ഭക്ഷണം
ആധ്യാത്മിക ജോലിയും അദ്ദേഹം നിരവധി

സേവനങ്ങൾ ചെയ്തു.

അച്ചൻ ബിഷപ്പുമാരുടെയും, അച്ചന്മാരുടെയും, സിസ്റ്റേഴ്സിന്റെയും ആദ്ധ്യാത്മിക നിയന്താവായി അനേകം വർഷം ജോലികൾ ചെയ്തിട്ടുണ്ട്. മറ്റുള്ളവർ പറഞ്ഞ് കേട്ടിട്ടുള്ളതാണ് പറയുന്നത് ജീവിക്കുന്ന വ്യക്തിത്വം. അനുസരണത്തിന്റെയും, ബ്രഹ്മചര്യത്തിന്റെയും, ദാരിദ്ര്യത്തിന്റെയും നിയമങ്ങൾ പാലിച്ചിരുന്ന ഒരു ഉത്തമ സന്യാസിയായിരുന്നു ബഹുമാനപ്പെട്ട ഡാൺസ്റ്റനച്ചൻ.

രാത്രി സമയങ്ങളിൽ അച്ചന്റെ മുറിയിൽ കിടക്കുമ്പോൾ മാതാവിനെക്കുറിച്ചും, യേശുവിനെക്കുറിച്ചും ചാവറയച്ചനെക്കുറിച്ചും ഓരോ കാര്യങ്ങൾ പറയാറുണ്ട്. ദിവ്യകാരുണ്യഭക്തി അച്ചന് ഇപ്പോഴുമുണ്ട് കാരണം സക്രാരിയുടെ മുന്നിൽ പോയി പ്രാർത്ഥിക്കുകയും കുമ്പിടുകയും ചെയ്യുന്നതായി നേരിട്ട് കാണുവാൻ സാധിക്കുന്ന ഒന്നായിരുന്നു.

അച്ചനോടുള്ള ബഹുമാനം. അച്ചന്മാർ പറയുന്ന കാര്യങ്ങൾ ഇപ്പോഴും അനുസരിക്കുന്ന പ്രകൃതം. അച്ചൻ മുൻപ് നിരവധി ഭാഷകൾ അറിയാമായിരുന്നു. ഇവിടെ കാണുന്ന മരങ്ങൾ അച്ചൻ നട്ടതാണെന്ന് ഞാൻ പറഞ്ഞ് കേട്ടിട്ടുണ്ട്. മറ്റുള്ളവർ ജോലികൾ ചെയ്യുന്നതിനെ കുറിച്ചും അച്ചൻ പറയാറുണ്ട്.

കുർബാനയുടെ സമയത്ത് നാം അച്ചന്റെ കൂടെ നിൽക്കുമ്പോൾ കാണുവാൻ സാധിക്കും. ഭക്തിയോടെ അൾത്താരയിൽ അച്ചനാ

ചെയ്യുന്ന ആചാരങ്ങൾ ബെൻസനച്ചൻ ഉത്സാഹപൂർവ്വം ചെയ്യുന്നുണ്ട്. അച്ചൻ ആരോടെങ്കിലും തെറ്റ് ചെയ്തിരുന്നെങ്കിൽ അവരോട് പോയി മാപ്പ് ചോദിക്കുന്ന നല്ല മനോഭാവം.

സഭയിൽ നിന്ന് വീട്ടിലേക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതിനെക്കാൾ വീട്ടിൽ നിന്ന് സാധനങ്ങൾ ഇങ്ങോട്ട് കൊണ്ടുവരുന്നതിൽ കൂടുതൽ ഔദാര്യം ഉണ്ടായിരുന്ന ഒരു വ്യക്തിയാണ്. ഈ വയസ്സുകാലത്തും അച്ചന്റെ ആരോഗ്യത്തിന് ഒരു വ്യത്യാസമില്ല. സ്വന്തമായി പലകാര്യങ്ങളും ഉത്സാഹപൂർവ്വം ചെയ്യുവാൻ സാധിക്കും.

ആത്മീയതയുള്ള ഒരു വ്യക്തിയാണ് അച്ചൻ കാരണം മണിയുടെ ശബ്ദം കേട്ടു-കഴിഞ്ഞാൽ ഹാളിലെ കിടന്നുറങ്ങുന്ന brothers-നെ വിളിക്കും. പ്രാർത്ഥനയുടെ സമയത്തും വരാറുണ്ട്. അച്ചന്റെ സാന്നിധ്യം നമ്മുക്കൊരു പ്രചോദനമാണ്. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കും. അച്ചന്മാരോട് നല്ല സമീപനം ആണ് പുലർത്തുന്നത്.

Briefing-ന് rector അച്ചൻ താമസിച്ച് വരുമ്പോൾ നാം ഉറക്കെ സംസാരി-ക്കുമ്പോൾ ബെൻസനച്ചൻ പറയാറുണ്ട് സംസാരിക്കാതിരിക്കാൻ. ചിലപ്പോൾ അച്ചന്റെ ശബ്ദം കേൾക്കുവാൻ വലിയ പ്രയാസമാണ്. കൂടാതെ അച്ചനെ സഹായിക്കണം എന്ന് പറയുകയും ചെയ്യും.

പോളച്ചനെ കുറിച്ച് പറയാനുള്ളത് അദ്ദേഹം നന്നായി അദ്ധ്വാനിക്കുന്ന ഒരു വ്യക്തിയാണ് കാരണം ഭോജം നടപ്പോൾ രണ്ട് നേരം അച്ചൻ വെള്ളം കോരുകയും വളമിടുകയും ചെയ്യുന്നത് ഡൺസ്റ്റനച്ചൻ കാണാറുണ്ട്. അതുകൊണ്ടാണ് അങ്ങനെ അച്ചൻ പറഞ്ഞത് എന്ന് എനിക്കു തോന്നുന്നു.

സന്യാസ ജീവിതത്തിന്റെ ഉത്തമ മാതൃകയാണ് അച്ചന്റെ ലളിതമായ ജീവിതം. ആകാശപ്പറവകൾ പോലുള്ള സ്ഥാപനങ്ങൾക്ക് പ്രചോദനം നൽകിയിട്ടുണ്ട്. ഗ്രാമങ്ങളിൽ പോയി ലളിതമായ ജീവിതം നയിച്ചിട്ടുണ്ട്. എല്ലാം കൊണ്ടും ഒരു വിശുദ്ധനായ അച്ചനെയാണ് സി.എം.ഐ സഭയ്ക്ക് ദൈവം പ്രദാനം ചെയ്തത്.

അനേകം ദൈവവിളിക്ക് കാരണം അച്ചന്റെ ജീവിതമാണ്. വളരെയധികം അച്ച-ന്മാരെ സന്യാസ ജീവിതത്തിലേക്ക് കൊണ്ടുവരുവാൻ അച്ചന് സാധിച്ചു. സന്യാസജീവിതത്തിലെ സന്തോഷവും ദുഃഖവും ഒരുപോലെ അനുഭവിച്ച് നമുക്ക് വഴികാട്ടിയായ ഈ അച്ചന് വേണ്ടി പ്രത്യേകം നമുക്ക് പ്രാർത്ഥിക്കാം.

സന്യാസത്തിൽ ജീവിച്ചുകൊണ്ട് മറ്റുള്ളവർക്ക് പ്രചോദനവും വഴിവിളക്കുമായി ആകുവാൻ അച്ചൻ നമുക്കു പുതിയ ഒരു സ്നേഹത്തിന്റെ സന്ദേശം തരുന്നു.

Bro. Rajan

# വിശുദ്ധ സാമീപ്യം

അടുത്തും തോറും അകലാൻ കഴിയാത്തവിധം എല്ലാവരെയും തന്നിലേക്ക് അതുവഴി യേശുവിലേക്ക് ആകർഷിക്കുന്ന ഡൺസ്റ്റനച്ചനെപ്പറ്റി എഴുതുവാൻ നല്ലതു മാത്രം.

ആദ്യത്തെ കാഴ്ച

ഞങ്ങൾ വരാപ്പുഴയിൽ ആയിരുന്നപ്പോൾ അവിടത്തെ ഗ്രൂപ്പ് ഫോട്ടോകളിൽ ആദ്യം അച്ചനെ (ഡൺസ്റ്റനച്ചനെ) കണ്ടു. ആദ്യഫോട്ടോയിൽ വളരെ ചെറുപ്പം പിന്നെ പോയ്പോയ് കുറച്ചു മുതിർന്നു പിന്നെ നരച്ചതുപോലെയുള്ള തലമുടി പിന്നെയുള്ള ഫോട്ടോകളിൽ കാണാനില്ല. ഞങ്ങൾ കരുതി അച്ചൻ മരിച്ചു പോയെന്ന് എന്നാലും ഒരു മനുഷ്യന്റെ പരിണാമം എന്ന പേരിൽ അച്ചൻ അന്ന് ഞങ്ങളുടെ ഇടയിൽ പ്രശസ്തനായി

വ്യക്തമായി കണ്ടു

നവസന്യാസത്തിനായി സെവണാംപ്പടിയിലെ നവസന്യാസഭവനത്തിലെത്തി പള്ളിയിൽ നിന്നും

പുറത്തിറങ്ങുമ്പോഴാണ് മരിച്ചെന്നു കരുതിയ ആ മുഖം നിഷ്കളങ്കമായ പുഞ്ചിരിയോടെ ഇതാ മുന്നിൽ ആദ്യമൊന്ന് അമ്പരന്നു എന്നാൽ ആ പുഞ്ചിരി ഏതോ ശക്തിയാൽ എല്ലാവരെയും എന്നപോലെ എന്നെയും ആകർഷിച്ചു. കൂടുതൽ അടുത്തേക്ക്

ആഴമായ ദർശനം

സക്രാരിയിലേക്ക് ചൂണ്ടി ഡൺസ്റ്റനച്ചൻ പറഞ്ഞു 'ആ ചുവന്നത് ഏറ്റവും ശക്തിയുള്ളത്' പിന്നെ വി. ഗ്രന്ഥം ചൂണ്ടിയിട്ട് 'അത് രണ്ടാമത്' അവസാനം ക്രൂശിതരൂപത്തിലേക്ക് ചൂണ്ടിയിട്ട് 'അത് മൂന്നാമത്തെ' ആദ്യം ചിരി വന്നെങ്കിലും എത്ര ശരി എന്ന് പിന്നീട് തോന്നി.

ഇങ്ങനെ ഓർമ്മ നഷ്ടപ്പെട്ട ആളാണ് ഡൺസ്റ്റനച്ചൻ എന്ന ചിന്ത പലപ്പോഴും അസ്ഥാനത്താകുമാറ് അദ്ദേഹം തന്റെ മനസ്സിലെ നിത്യചൈതന്യം പലപ്പോഴും പുറത്തിടും

പ്രചോദനം

അച്ചന്റെ ജീവിതവും മാർഗ്ഗവും വളരെ പ്രചോദനാത്മകമാണ്. നവസന്യാസത്തിനു മുമ്പ് മൂന്ന് മാസം വളരെ പ്രയാസമായിരുന്നു. പല ചിന്തകളും എന്നെ കുഴക്കി. അങ്ങനെ ഇരിക്കുമ്പോൾ ഡൺസ്റ്റനച്ചന്റെ കൂടെ

രാത്രി കിടക്കാൻ എനിക്ക് അവസരം കിട്ടി. മറ്റുള്ളവരുടെ ആരവത്തിൽ നിന്നും ഇന്ന് ഉറക്കം പോയതു തന്നെ എന്നു ഞാൻ കരുതി. എന്നാൽ അന്ന് ബർസ്നച്ചൻ നന്നായി ഉറങ്ങി. പാതിരാത്രി എന്നെ വിളിച്ചുണർത്തി പറഞ്ഞു 'നിനക്ക് വലിയ ഭാഗ്യമാണ് കിട്ടിയിട്ടുള്ളത്, നന്നായി പ്രാർത്ഥിക്കണം. പിന്നെ കുറെ സുകൃതജപം ചൊല്ലികൊണ്ടിരുന്നു. ഞാൻ ഒന്നും മിണ്ടാതെ അവിടെ ഇരുന്നു. അന്ന് കിട്ടിയ ധൈര്യം എനിക്ക് ഇന്നുമുണ്ട്. ഇടക്ക് അച്ചൻ പറയും 'പേടിക്കണ്ട പ്രാർത്ഥിക്ക്' എന്ന്. ഇത് എനിക്ക് വളരെ ധൈര്യവും സന്യാസത്തിൽ പ്രചോദനവും നൽകിയിട്ടുണ്ട്.

മാതൃക

ബർസ്നച്ചൻ വലിയൊരു മാതൃകയാണ്. ഒരു സന്യാസിയുടെ ജീവിതം എങ്ങനെ ആയിരിക്കണം എന്നുള്ളതിന്. ഉത്തമ രൂപരേഖയാണ് ആ ജീവിതം

ആദ്യമേ എന്റെ ശ്രദ്ധയിൽ പെട്ടത് ആ പുഞ്ചിരിയാണ്. നിഷ്കളങ്കമായ പുഞ്ചിരി. 'നിഷ്കളങ്കതയോടെ ജീവിക്കു. നിഷ്കളങ്കമായ് പുഞ്ചിരിക്കു. മറ്റുള്ളവർക്ക്

ആശ്വാസം നൽകും എന്ന് പറയും പോലെയായിരുന്നു പിതാവിന്. പിന്നെ അച്ചന്റെ മുറിയിൽ എന്തുണ്ട് എന്നു ചോദിച്ചാൽ ഒരു സന്യാസിയുടെ സാധനങ്ങളുണ്ട് അത്രമാത്രം പല അച്ചൻമാരുടെ മുറികളും ഞാൻ കണ്ടിട്ടുണ്ട് എന്നാൽ നല്ലകാലത്തും അദ്ദേഹത്തിന്റെ മുറിയിൽ ഇത്രയൊക്കെ തന്നെ ഉണ്ടായിരുന്നുള്ളൂ എന്ന് കേൾക്കുമ്പോൾ അത്ഭുതപ്പെട്ടുപോയി

പിന്നെ ഞാൻ കണ്ടു പ്രാർത്ഥന ഈ അവസ്ഥയിലും തനിക്ക് ഓർമ്മയുള്ള പ്രാർത്ഥനകൾ ചൊല്ലി നടക്കുന്ന അച്ചൻ. ഈ അവസ്ഥയിലും ക്രിസ്മസ് തുടങ്ങിയ അവസരങ്ങളിൽ പ്രാർത്ഥനയിലൂടെ ഒരുങ്ങുന്ന ധന്യനാമച്ചൻ. ക്രിസ്തുമസ്സിന് മുമ്പ് അച്ചൻ എല്ലാ സമയവും 'ദൈവമേ എന്നെ സഹായിക്കണമേ, കർത്താവേ നിന്നെ ഞാൻ സ്നേഹിക്കുന്നു എന്ന് ചൊല്ലിക്കൊണ്ട് നടക്കുന്ന സക്രാരിയുടെ അടുത്ത് ചെന്ന് കരയുന്നു. സ്വയം ഒരുങ്ങി മറ്റുള്ളവരെയും ഒരുക്കുന്ന മഹനീയ മാതൃക

തനിക്കില്ലെങ്കിലും മറ്റുള്ളവർക്ക് ഉണ്ടാകുവാൻ ആഗ്രഹിക്കുന്ന മനസ്സ്. തനിക്കുള്ളത് കൊടുക്കുവാനാഗ്രഹിക്കുന്ന വ്യക്തിത്വം. അദ്ദേഹത്തിന്റെ കയ്യിൽ എന്തെങ്കിലും ഉണ്ടെങ്കിൽ ചോദിച്ചാൽ അത് കിട്ടും

വേദനകൾ ഉണ്ടാകുമ്പോൾ കർത്താവിന്റെ ഇഷ്ടം എന്ന് പറഞ്ഞ് സ്വീകരിക്കുന്ന ഞാൻ കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ മാതൃകയാണ് ഡൺസ്റ്റണച്ചൻ. എല്ലാ പ്രായക്കാരോടും ഒരുപോലെ ഇടപഴകി ആധ്യാത്മികതയുടെ ഉന്നതങ്ങളിലായിരുന്നാലും എല്ലാവരിലേക്കും ഇറങ്ങി 'ഞാനൊന്നുമല്ല ഒരു കൊച്ചുകുട്ടി' 'ഒന്നും അറിയില്ല' എന്നു പറയുന്ന സ്വയം ശൂന്യനാകുന്ന എളിമയുടെ നിറകുടം.

ഞാൻ തെറ്റ് ചെയ്തു എന്ന് തോന്നിയാൽ ഡൺസ്റ്റണച്ചൻ കൈകൾ നീട്ടി സക്രാരിയിലേക്ക് 'തെറ്റി പോയി' സഹായിക്കണമേ എന്നെല്ലാം പറഞ്ഞുകൊണ്ട് ഓടുമ്പോൾ കാണുന്നവർക്കും ആ ആധ്യാത്മികത അനുഭവിക്കാൻ സാധിക്കുന്നു. എട്ടും പൊട്ടും തിരിയാത്ത ഒരു കുട്ടിയാകുന്ന ആധ്യാത്മികത

ഒരുവന് വേദനയുണ്ടാക്കുന്ന ഒന്നും ചെയ്യാതെ അനീതി കണ്ടാൽ എതിർക്കുന്ന പ്രവാചക ശബ്ദം. വെറുതെ ഡൺസ്റ്റണച്ചനെ ശുണ്ഠി കേറ്റാൻ ഓരോന്ന് ഇടിക്കാൻ പോകുന്നതുപോലെ കാണിച്ചാൽ മതി 'അയ്യോ വേണ്ട' എന്ന് പറഞ്ഞ് ഓടി വരുന്ന ചിത്രം മറക്കാൻ കഴിയുമോ

വിശന്ന സമയത്ത് ഫോട്ടോയുടെ മുമ്പിൽ നിന്ന് നവസന്യാസികളുടെ കൂടെ പാടുന്നു. അമ്മേ എന്ന്

വിളിച്ചുപേക്ഷിക്കുന്നു. ഇങ്ങനെ ആഴമായ മാതൃഭക്തിയും നമുക്ക് കാണാം. വൺസ്നാച്ചനിൽ ഇടയ്ക്ക് ചെന്ന് അമ്മയുടെ രൂപത്തിന് മുൻപിൽ നിന്ന് പ്രാർത്ഥിക്കുന്നു. എത്ര വലിയ മാതൃകയാണിതെല്ലാം

എത് വിഷമമുള്ള കാര്യവും പറഞ്ഞ് അധികാരികളാണെങ്കിൽ വൺസ്നാച്ചൻ അത് ചെയ്യും. അങ്ങനെ അച്ചൻ തന്റെ ജീവിതത്തിലൂടെ നമ്മെ കാണിക്കുന്നു

ഇങ്ങനെ അനേകം മാതൃകകൾ അച്ചൻ നൽകുന്നു. ഇനിയും എത്രയോ വെളിപ്പെടാനിരിക്കുന്നു എത്ര കണ്ടെത്തിയാലും വീണ്ടും നീണ്ടുകിടക്കുന്ന വിശുദ്ധിയുടെ ആഴമേറിയ സമുദ്രം പോലെ

ഒരു പുതിയ അനുഭവം

ഇപ്പോൾ എനിക്ക് ഏറെ ഓർമ്മയിൽ നിൽക്കുന്ന അനുഭവമാണ് ഇത്. ഏകദേശം രണ്ടാഴ്ചമുമ്പ് നടന്നത്. സ്ഥലം ചാപ്പൽ സമയം രാത്രിയിലെ ആത്മശോധന. എനിക്കാണെങ്കിൽ ഒന്നിനും കഴിയുന്നില്ല ചിന്തകൾ എന്നെ വലിഞ്ഞു മുറുക്കി. അനങ്ങാൻ വയ്യ തല പെരുക്കും പോലെ എനിക്ക് ആകെ വയ്യാതായി എന്തു ചെയ്യും ഒരു രൂപവുമില്ല. ഒരു സഹായം എവിടെ നിന്ന് ലഭിക്കും ഒരന്തവുമില്ല

പെട്ടെന്ന് ആ നിശബ്ദതയിൽ ഒരു വലിയ ശബ്ദം
"ഓ.... ദൈവമേ സഹായിക്കണമേ.... ദൈവമേ സഹായിക്കണമേ അച്ഛാ നമ്മുടെ കുട്ടികള് അച്ഛാ ദൈവമേ സഹായിക്കണമേ അച്ഛാ ഒരു കുട്ടി.... കുട്ടി... കുട്ടി ദൈവമേ സഹായിക്കണമേ....."
ദൈവമേ സഹായിക്കണമേ എന്ന് തുടർന്ന് കേട്ടുകൊണ്ടിരുന്നു ഞാനും മനസ്സിൽ കൂടെ പറഞ്ഞു തുടങ്ങി. 'ദൈവമേ സഹായിക്കണമേ' അപ്പോൾ ഞാൻ അനുഭവിച്ച സമാധാനം വിവരിക്കുവാൻ വാക്കുകളില്ല.

ഞാനറിഞ്ഞു എന്തിനാണ് അച്ഛൻ ഒന്നും ചെയ്തിട്ടില്ലെങ്കിലും ഇടക്ക് സക്രാരിയുടെ മുമ്പിൽ നിന്ന് കരഞ്ഞ് പ്രാർത്ഥിക്കുന്നത് സുകൃത ജപങ്ങൾ ഉരുക്കഴിക്കുന്നത് ദൈവസ്തുതികൾ ആലപിക്കുന്നത് എല്ലാം മറ്റുള്ളവർക്കായി തന്റെ ചുറ്റിലുമുള്ളവർക്കായി ആ വിശുദ്ധി എല്ലാം അറിയുന്നു.


അന്ന് രാത്രി ഡൺസ്റ്റനച്ചൻ Toilet ൽ പോയപ്പോൾ എനിക്ക് അതിന്റെ പിൻപുറങ്ങൾ ഒരു പ്രശ്നമായി തോന്നിയില്ല. ജോസിനെ വിളിച്ചു കൊണ്ടുവന്ന് അച്ചനെ കുളിപ്പിക്കുവാൻ സഹായിക്കാൻ എന്റെ കാലുകൾ അനങ്ങാതിരുന്നില്ല അന്ന് അച്ചന്റെ കൂടെ കിടന്നതും ഒരു ഭാഗ്യമായി കരുതുന്നു

എന്നും ഭാവിയിൽ സൂക്ഷിക്കുവാൻ നിത്യത
യിലേക്ക് നടക്കുന്നതിന് മാതൃകയായി ഒരു ദീപമായി
എന്നും ഉള്ളിൽ വിളങ്ങുന്ന സ്വർണ്ണനാണ്യങ്ങൾ.

Bro. Raphy

# EDITORIAL

# BOARD



ഇനി ഞാൻ
സ്വസ്ഥമായി
വിശ്രമിക്കട്ടെ.



സ്നേഹം

നിറഞ്ഞ ഹൃദയത്തോടു



THANKS